നം.കെ.എസ്സ്.എ.കെ.ടി.എം‌പി11/1962/16 തീയതി.29.12.16

# കോട്ടയം ജില്ലയിലെ വിജയപുരം ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ വിജയപുരം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.16 മുതൽ 30.11.16 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ് അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്.ഓഡിറ്റിന്റെ നിരീക്ഷണങ്ങൾ 22/12/16 ലെ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിച്ചിരുന്നു. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിൻ മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി.എം.വി.സിനി ,<br>ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 14.12.2016 മുതൽ 21.12.2016 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.സാബു സി ജോർജ്ജ് | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീമതി.മായ.ആർ | ഓഡിറ്റ് ഓഫീസർ |

| | | |
|---|---|---|
| | ശ്രീമതി.ശ്രീലത.ആർ.ബി (15.12.16 വരെ) | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.രഞ്ജിത്.എം (17.12.16 മുതൽ) | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.ഉണ്ണികൃഷ്ണൻ.സി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.യോഗേഷ്.ആർ | ഓഡിറ്റർ |

ബി) നിർവഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.റോയി ജോൺ | 01.04.2015 മുതൽ 31.10.2015 വരെ |
| | അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | 01.11.2015മുതൽ 18.11.2015 വരെ |
| | ശ്രീമതി.സിസി ബോബി | 19.11.2015 മുതൽ 31.03.2016 വരെ |
| സെക്രട്ടറി | ശ്രീ.പി.ജെ.ജോസ് കുഞ്ഞ് | 01.04.2015 മുതൽ 31.13.2016 വരെ |

നിർവഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.ഗീത അലക്സാണ്ടർ | 01.04.15-31.03.16 |
| വെറ്റിനറി സർജൻ | ഡോ.ജേക്കബ്.പി.ജോർജ്ജ് | 01.04.15-31.03.16 |
| മെഡിക്കൽ ഓഫീസർ-പി.എച്ച്.സി | ഡോ.പി.ആർ.രാജേഷ് | 01.04.15-31.03.16 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | ഡോ.ഡോൺ ഏബ്രഹാം | 01.04.15-31.03.16 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | ഡോ.ആർ.ശ്രീകുമാർ | 01.04.15-31.03.16 |
| അസി.എൻജിനീയർ | ശ്രീ.നിബു കുര്യൻ | 01.04.15-31.03.16 |
| വി.ഇ.ഒ | ശ്രീ.പി.എസ്.അനൂപ് | 01.04.15-31.03.16 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.സുമ.ബി | 01.04.15-16.08.15 |
| | ശ്രീമതി.ഗീത.എസ് | 17.08.15-22.09.15 |

| | | |
|---|---|---|
| | ശ്രീമതി.സുമ.സി.എസ് | 22.09.15-31.03.16 |
| ഡയറിഫാം ഇൻസ്ട്രക്ടർ | ശ്രീമതി.കലാരഞ്ജിനി | 01.04.15-07.08.15 |
| | ശ്രീമതി.ഇന്ദു.എസ്.വി (ഇൻ ചാർജ്ജ്) | 08.08.15-18.08.15 |
| | ശ്രീമതി.ദിവ്യാ എസ് മോഹൻ | 19.08.15-31.03.16 |
| എച്ച്.എം | ശ്രീ.പി.റ്റി.ജോയിക്കുട്ടി | 01.04.15-31.03.16 |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.ശ്രീകാന്ത്.റ്റി.ആർ | 01.04.15-31.03.16 |

റിപ്പോർട്ടിന്റെ ഉള്ളടക്കം



| ഭാഗം 1<br>പൊതു അവലോകനം | ഖണ്ഡിക നമ്പർ |
|---|---|
| ബജറ്റ് | 1.1 |
| വാർഷിക ധനകാര്യപത്രിക | 1.2 |
| വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1.3 |
| സാമ്പത്തിക വിശകലനം | 1.4 |
| ഫണ്ട് വിനിയോഗം | 1.5 |
| പദ്ധതി അവലോകനം | 1.6 |
| തനതുവരുമാനം | 1.7 |
| ആഭ്യന്തരനിയന്ത്രണം | 1.8 |
| മറ്റ് ഓഡിററുകൾ നടത്തിയതിന്റെ വിവരം | 1.9 |
| ഭാഗം 2 വരവുകണക്കുകൾ | |
| വാർഷിക ധനകാര്യപത്രികയുടെ അവലോകനവും വിശകലനവും | 2-1 |
| ഇ -പേയ്മെന്റ് സംവിധാനം പരാജയപ്പെട്ടു-മറ്റ് അപാകതകൾ. | 2-2 |
| വസ്തുനികുതി -സഞ്ചയ സോഫ്റ്റ് വേറിലെ വിവരങ്ങൾ പൂർണ്ണമല്ല | 2-3-1 |
| എം.ആർ.എഫ് കമ്പനിയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി പരിഷ്കരണത്തിലെ അപാകതകൾ | 2-3-2 |
| വസ്തുനികുതി-100 ച.മീറ്ററിൽ കൂടുതൽ വിസ്തൃതിയുള്ള വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടത്തിന് ഉയർന്ന നികുതി നിരക്ക് ചുമത്തിയില്ല. | 2-3-3 |

| | |
|---|---|
| വാണിജ്യാവശ്യത്തിന് ലൈസൻസ് നേടിയ കെട്ടിടങ്ങൾ പാർപ്പിടാവശ്യത്തിനായി നികുതി നിർണ്ണയിച്ചവയായിരുന്നു | 2-3-4 |
| ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല | 2-4-1 |
| സ്ഥാപന തൊഴിൽ നികുതിയീടാക്കിയില്ല | 2-4-2 |
| എം.ആർ.എഫ് കമ്പനിയിലെ മുഴുവൻ ജീവനക്കാരും തൊഴിൽ നികുതി ഡിമാൻഡിൽ ഉൾപ്പെടുന്നുവെന്ന് ഉറപ്പാക്കുന്നില്ല | 2-4-3 |
| ബ്ലോക്ക് പഞ്ചായത്തിൽ പ്രവർത്തിക്കുന്ന എം.ജി.എൻ ആർ ഇ ജി എസ്സ്, ഐ കെ എം ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാൻഡ് ചെയ്തീടാക്കുന്നില്ല. | 2-4-4 |
| വാണിജ്യാവശ്യത്തിന് വസ്തുനികുതി നിർണ്ണയിച്ച കെട്ടിട ഉടമകളോട് മുറികൾ കൈവശം വച്ചിരിക്കുന്നവരെ സംബന്ധിക്കുന്ന വിവരങ്ങൾ ശേഖരിക്കാത്തത് തൊഴിൽ നികുതി ചോർച്ചക്കിടയാക്കുന്നു | 2-4-5 |
| പാരാമെഡിക്കൽ രജിസ്ട്രേഷൻ നേടിയ സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതിയീടാക്കിയില്ല | 2-4-6 |
| ലൈസൻസ് അപേക്ഷകളിൽ ജീവനക്കാരുടെ എണ്ണം ലഭ്യമായിരുന്നിട്ടും തൊഴിൽ നികുതി ഡിമാൻഡ് ചെയ്തീടാക്കിയില്ല. | 2-4-7 |
| മിൽമ കോട്ടയം ഡയറി പഞ്ചായത്തിന്റെ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു-ലൈസൻസ് ഫീസ്,തൊഴിൽ നികുതി എന്നീയിനങ്ങളിൽ 12500 രൂപ ഓഡിറ്റ് വർഷം ലഭിച്ചില്ല | 2-5-1 |
| എം.ആർ.എഫ് കമ്പനിയിൽ സ്ഥാപിച്ചിട്ടുള്ള യന്ത്രങ്ങളുടെ കുതിരശക്തി സംബന്ധിക്കുന്ന പരിശോധനാ സാക്ഷ്യപത്രം വാങ്ങേണ്ടതാണ്. | 2-5-2 |
| ഡി ആൻഡ് ഒ ട്രേഡ് ലൈസൻസ് ഫീസീടാക്കിയതിന്റെ അടിസ്ഥാനം വ്യക്തമല്ല | 2-5-3 |
| സ്വകാര്യബിസിനസ്സ് സ്ഥാപനങ്ങളുടെ പൂർണ്ണവിവരങ്ങൾ പഞ്ചായത്തിന്റെ പക്കലില്ലാത്തത് വരുമാന ചോർച്ചക്കിടയാക്കുന്നു | 2-5-4 |

| | |
|---|---|
| പരസ്യനികുതി-നടപടികളിൽ പുരോഗതിയില്ല-നികുതി നഷ്ടപ്പെടുന്നു | 2-6 |
| വാടക സെക്യൂരിറ്റി നിക്ഷേപം -വേറിട്ട് സൂക്ഷിക്കുന്നില്ല | 2-7 |
| ഗ്രാമപഞ്ചായത്തിന്റെ മിച്ചഫണ്ട് നിക്ഷേപിക്കൽ- ആദായകരമായ നിക്ഷേപരീതി സ്വീകരിക്കാത്തത് മൂലം നഷ്ടം | 2-8 |
| പ്ലാസ്റ്റിക്ക് വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ- നടപടികൾ സ്വീകരിക്കേണ്ടതാണ് | 2-9 |
| ഭാഗം 3ചെലവുകണക്കുകൾ | |
| ദിവസവേതനാടിസ്ഥാനത്തിൽ ഡേറ്റാഎൻട്രി ഒപ്പറേറ്റുമാരുടെ നിയമനം ക്രമവിരുദ്ധം | 3-1 |
| ഫ്രണ്ട് ഓഫീസ് ടച്ച് സ്ക്രീൻ പ്രവർത്തരഹിതം | 3-2 |
| വെള്ളക്കരം -സംയുക്ത പരിശോധന നടത്തിയില്ല | 3-3 |
| വൈദ്യുതി ചാർജ്- വൈദ്യുതി വിളക്കുകളുടെ ഇനം തിരിച്ചുള്ള വിവരം പഞ്ചായത്തിന്റെ പക്കലില്ല. | 3-4 |
| അങ്കണവാടികൾക്ക് കളിയുപകരണങ്ങൾ, വാട്ടർ ടാങ്ക് – അപാകതകൾ | 3-5 |
| മെഡിക്കൽ ഓഫീസർ,പി.എച്ച്.സി നടപ്പിലാക്കിയ വിവിധ പദ്ധതികൾ- അപാകതകൾ | 3-6 |
| ജവഹർലാൽ നെഹ്റു ജയന്തി ഭവനനിർമ്മാണ പദ്ധതി -പൂർത്തീകരിച്ചില്ല | 3-7 |
| എസ് . സി കോളനികളിൽ മാലിന്യ സംസ് കരണ യൂണിറ്റ്- സർക്കാർ അനുമതിയില്ലാതെ പ്രവർത്തി ആരംഭിച്ചത് -2,96,274/- രൂപയുടെ പാഴ്ച്ചെലവ് | 3-8 |
| മള്ളിയൂർ റോഡ് പുനരുദ്ധാരണം സബ് ബേസ് മെറ്റലിങ്ങിന് മാത്രമായി പ്രോജക്റ്റ് തയ്യാറാക്കി | 3-9 |
| 150/16 മന്ദിരം കവല- അഞ്ചാനിമറ്റം നടപ്പാത എസ്റ്റിമേറ്റ് പുതുക്കിയിട്ടില്ല | 3-10 |
| ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 3-11 |
| വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല- തുക തടസ്സപ്പെടുത്തുന്നു | 3-12 |
| എം.ജി.എൻ.ആർ.ഇ.ജി.എസ്സ് | 3-13 |
| ആശ്രയ | 3-14 |

| | |
|---|---|
| ഭാഗം 4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4.1 |
| ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4.2 |
| മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4.3 |
| വായ്പ-വായ്പ തിരിച്ചടവ് | 4.4 |
| സ്ഥിരനിക്ഷേപങ്ങൾ | 4.5 |
| ഓഡിറ്റ് റിക്കവറി | 4.6 |
| സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4.7 |
| ഓഡിറ്റ് പ്രത്യവലോകനം | 4.8 |
| തീർപ്പാക്കാൻ അവശേഷിയ്ക്കുന്ന റിപ്പോർട്ടുകൾ | 4.9 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ പുതുക്കിയ ബജറ്റ് 29.02.2016 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് -ചെലവ് കണക്കുകൾ ചുവടെ ചേർക്കും പ്രകാരമാണ്.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 50316160 | 49930419 | | 385741 |
| വരവ് | 90199064 | 65650019 | | 24549045 |
| ആകെ | 140515224 | 115580438 | | 24934786 |
| ചെലവ് | 114715858 | 56957869 | | 57757989 |
| നീക്കിയിരിപ്പ് | 25799366 | 58622569 | 32823203 | |

യഥാർത്ഥത്തിലുള്ള വരവ് ചെലവ് കണക്കുകളോട് വലിയ അന്തരമില്ലാതെ ബജറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 07.07.2016 | ------------- | ----------------- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

2015-16 വർഷത്തെ വാർഷികണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ഈ റിപ്പോർട്ടിന്റെ ഖണ്ഡിക നം-2-1ആയും സർട്ടിഫിക്കറ്റ് റിപ്പോർട്ടിന്റെ അനുബന്ധമായും ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് -49930419

വരവ് -65650019

ആകെ -115580438

ചെലവ് -56957869

നീക്കിയിരിപ്പ്-58622569

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷവരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ട്രാൻസ്ഫർ ക്രഡിറ്റ് (+)(-) |
|---|---|---|---|---|---|---|
| വികസനഫണ്ട് എൻ.എസ്. | 0 | 5435000 | 5435000 | 5435000 | 0 | +3634548 |
| വികസനഫണ്ട് എസ്.സി.പി. | 0 | 2892324 | 2892324 | 2892324 | 0 | |
| വികസനഫണ്ട് ടി.എസ്.പി. | 0 | 16000 | 16000 | 16000 | 0 | |
| കെ.എൽ.ജി.എസ്.ഡി.പി. | 2927000 | 1218079 | 4145079 | 4145079 | 0 | -2927000 |
| 13-ാം ധനകാര്യകമ്മീഷൻ | 0 | 4225813 | 4225813 | 4225813 | 0 | -707548 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 0 | 7001268 | 7001268 | 7001268 | 0 | |
| മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 453664 | 2408004 | 2861668 | 2861668 | 0 | |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 183 | 82485875 | 120 | 39374107 | 13 | 50 | 65.22% |

2015-16 വാർഷിക പദ്ധതിക്ക് ഉത്തരവ് നം.490/2015/DPC/DPO/KTM തീയതി 15.7.2016പ്രകാരവും അംഗീകാരം ലഭിച്ചു.

പദ്ധതി ആസൂത്രണം

പന്ത്രണ്ടാം പഞ്ചവത്സരപദ്ധതിയുടെ 2015-16 വാർഷികപദ്ധതിയുടെ രൂപീകരണനടപടിക്രമങ്ങൾ 2014-15 വർഷം ആരംഭിച്ചു. 17-1-15ൽ വർക്കിങ് ഗ്രൂപ്പ് യോഗങ്ങളും വികസനസെമിനാറും നടത്തി. പദ്ധതി ആസൂത്രണഗ്രാമസഭകൾ 05/12/2014, 8/12/14 തീയതികളിലും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനായി വിവിധ വാർഡുകളിൽ 25-4-15 മുതൽ 2-5-15 വരെയുള്ള ദിവസങ്ങളിലും കൂടുകയുണ്ടായി.

ഗ്രാമസഭ

വിവിധ വാർഡുകളിലെ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് നടത്തിയ ഗ്രാമസഭായോഗത്തിന്റെ മിനിറ്റ്സ് ബുക്കുകളിൽ ഗുണഭോക്താക്കളുടെ പേര് എഴുതി ചേർക്കാനിടയാകുന്ന രീതിയിൽ വളരെയധികം സ്ഥലം ഒഴിച്ചിട്ടിരിക്കുന്നതായി കാണുന്നു. 4/2015 ന് ഗ്രാമസഭ യോഗം ചേർന്നതിന് ശേഷം 2/2016 ലാണ് അടുത്ത ഗ്രാമസഭ യോഗം ചേർന്നിട്ടുള്ളത്. 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിലെ 3-)വകുപ്പ് പ്രകാരം മൂന്ന് മാസത്തിലൊരിക്കൽ യോഗം ചേരണം എന്ന വ്യവസ്ഥയുടെ ലംഘനമായി ഓഡിറ്റ് വീക്ഷിക്കുന്നു. കൂടാതെ വിവിധ ഓഡിറ്റ് ഏജൻസികളുടെ ഓഡിറ്റ് റിപ്പോർട്ടുകൾ ഗ്രാമസഭയിലവതരിപ്പിക്കുകയോ ചർച്ചചെയ്യപ്പെടുകയോ ഉണ്ടായിട്ടില്ല. പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിക്കുന്നതുപോലെ, ഗ്രാമസഭയുടെ കോറം തികയുന്നതിനുള്ള പങ്കാളിത്തം ഉറപ്പു വരുത്തി എന്നു തെളിയിക്കുന്നതിന് മിനിട്ട്സ് ബുക്കിൽ യോഗങ്ങളുടെ ഫോട്ടോഗ്രാഫുകൾ ഉൾപ്പെടുത്തുകയും യോഗങ്ങളുടെ മിനിട്ട്സ് പങ്കെടുത്ത 10 പേർ സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടില്ല. ഗ്രാമസഭ കൺവീനറും കോ-ഓർഡിനേറ്ററും മാത്രമാണ് ഗ്രാമസഭ യോഗ മിനിറ്റ്സ് ബുക്കുകളിൽ ഒപ്പ് വച്ച് സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്.

ഗ്രാമകേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടില്ല.

പന്ത്രണ്ടാം പഞ്ചവത്സരപദ്ധതി ആസൂത്രണമാർഗ്ഗരേഖയിൽ (സ.ഉ(എംഎസ്)നം 362/2013/തസ്വഭവ തീയതി16-11-13)എല്ലാ വാർഡിലും ഗ്രാമസഭക്ക് ആസ്ഥാനമുണ്ടാക്കുക എന്ന ലക്ഷ്യത്തോടെ ഒരു ഗ്രാമകേന്ദ്രം സ്ഥാപിക്കണമെന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്. എന്നാൽ വിജയപുരം ഗ്രാമപഞ്ചായത്തിൽ ഗ്രാമകേന്ദ്രങ്ങൾ പ്രവർത്തനം ആരംഭിച്ചിട്ടില്ലായെന്ന് കാണുന്നു. ഗ്രാമകേന്ദ്രങ്ങൾ ആരംഭിക്കുന്നതിനായി 19 വാർഡിലും ബോർഡ് സ്ഥാപിക്കുന്നതിനായി 2015-16 വർഷം തുക ചെലവഴിച്ചിരുന്നുവെങ്കിലും അംഗൻവാടികളിലാണ് ബോർഡ് സ്ഥാപിച്ചതെന്ന് അറിയാൻ കഴിഞ്ഞു. ജനങ്ങൾക്ക് നിരന്തരം കൂടിചേർന്ന് വികസനക്ഷേമകാര്യങ്ങൾ ചർച്ച ചെയ്യുന്നതിനുള്ള വേദി കൂടിയായ ഗ്രാമകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

വാർഷിക പദ്ധതി

നേട്ടങ്ങൾ

- പൊതുവിഭാഗം വികസനഫണ്ട്, എസ്.സി.പി ഫണ്ട്, ധനകാര്യകമ്മീഷൻ ഗ്രാന്റ്, മെയിന്റനൻസ് ഗ്രാന്റ് എന്നിവയിൽ മികച്ച ചെലവ് ശതമാനം
- ഉത്പാദനമേഖലയിൽ തെങ്ങ് /വാഴ/ കപ്പ കൃഷി വികസനത്തിനായി പ്രോജക്റ്റ് നടപ്പാക്കി.
- സേവനമേഖലയിൽ ഭവനപുനരുദ്ധാരണത്തിനായി 42,25,000/-രൂപ ചെലവഴിച്ചു.
- രോഗനിർമ്മാർജ്ജനം അസാദ്ധ്യമായ ജനിതകരോഗങ്ങൾക്കും വൈകല്യങ്ങൾക്കുമായി സാന്ത്വന

ഹോമിയോ ചികിത്സാപദ്ധതി-'ജനിവിജയ' യ്ക്കായി6,60,000/-രൂപ ചെലവഴിച്ചു

- വടവാളൂർ ഗവ.യുപിഎസിന് 2,50,000/-രൂപ ചെലവഴിച്ച് 'സ്മാർട് ക്ലാസ്റൂം 'നൽകിയിട്ടുണ്ട്.
- 18-)ാംവാർഡിൽ മധുരംചേരി കുടിവെള്ളപദ്ധതിക്കായി 4,15,093/-രൂപ ചെലവഴിച്ച് കുടിവെള്ള കിണർ നിർമ്മിച്ചിട്ടുണ്ട്.

കോട്ടങ്ങൾ

- ഏറ്റെടുത്ത 183പ്രോജക്റ്റുകളിൽ 50എണ്ണവും നടപ്പാക്കിയില്ല.
- വാർഷിക പദ്ധതിയുടെ ആകെ ചെലവ് 48% മാത്രം
- മാലിന്യസംസ്കരണ യൂണിറ്റിന് ശുചിത്വമിഷന്റെ അനുമതി ലഭ്യമാകാത്തതിനാൽ 192/16 നമ്പർ പ്രോജക്ടായ ബേസ് മെന്റ് നിർമ്മാണം പാഴ് ചെലവായി മാറി
- സ്റ്റേഡിയം/വിവിധഅംഗൻവാടികൾ/പുറമ്പോക്ക്പുനരധിവാസം എന്നിവയ്ക്കായി സ്ഥലംവാങ്ങൽ പ്രോജക്റ്റുകൾ ആസൂത്രണം ചെയ്തിരുന്നുവെങ്കിലും നടപ്പാക്കിയില്ല.
- നബാർഡ് ധനസഹായത്തോടെ അംഗൻവാടി കെട്ടിടനിർമ്മാണത്തിന് പ്രോജക്റ്റ് തയ്യാറാക്കിയിരുന്നുവെങ്കിലും നടപ്പാക്കിയില്ല.
- വിവിധ കുടിവെള്ളപദ്ധതികൾക്കായി തുക വകയിരുത്തിയിരുന്നുവെങ്കിലും നടപ്പാക്കിയില്ല.

## 1-7 തനത് വരുമാനം

സ്ഥാപനം ഹാജരാക്കിയ കണക്കുകൾ പ്രകാരം മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 15.56ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്. (എന്നാൽ ഇപ്രകാരമുള്ള വർധനവ് ഓഡിറ്റിൽ അപഗ്രഥിച്ച് ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.)

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 14970004 | 15989821 | 1019817 | 6.81 |
| നികുതിയേതര വരവുകൾ | 847133 | 2097282 | 1250149 | 147.57 |
| മറ്റുവരവുകൾ | 1902350 | 2389790 | 487440 | 25.62 |
| ആകെ | 17719487 | 20476893 | 2757406 | 15.56 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 72240 | 38 |

| | | |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 2332290 | 272 |
| വിധവാപെൻഷൻ | 9248080 | 862 |
| വാർദ്ധക്യകാലപെൻഷൻ | 11214450 | 1482 |
| വികലാംഗപെൻഷൻ | 2637050 | 250 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 573120 | 52 |
| വിവാഹ ധനസഹായം | 270000 | 9 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.12.2016 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 24962രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു. വാർഷിക കണക്കുകൾ പ്രകാരമുള്ള ഇംപ്രസ്റ്റിന്റെ കൃത്യതയും പരിശോധനയിൽ ബോധ്യപ്പെട്ടു. 25/06/2013 ന് ശേഷം ഇംപ്രസ്റ്റ് ഉപയോഗിക്കുകയോ റീ-ക്രൂപ്പ് ചെയ്യുകയോ ഉണ്ടായിട്ടില്ല.

## 1-10 ആഭ്യന്തര നിയന്ത്രണം

ഓഫീസ് ഉത്തരവുകൾ പ്രകാരം വിവിധ സെക്ഷനുകളുടെ ജോലി നിർണ്ണയിച്ച് സെക്ഷനുകളെ ഉത്തരവാദിത്തപ്പെടുത്തിയിട്ടുണ്ട്. വിവിധ കമ്മിറ്റികളുടെ മിനിറ്റ്സ് കൃത്യമായി എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. വൗച്ചറുകൾ പ്രസിഡന്റ് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. ആവർത്തന സ്വഭാവമുള്ള ചെലവുകൾക്ക് രജിസ്റ്ററുകൾ സൂക്ഷിക്കുന്നുണ്ട്.എന്നാൽ സ്യൂട്ട് രജിസ്റ്ററിലെ വിവരങ്ങൾ കാലികമാക്കുന്നില്ല.അഭിഭാഷകർക്ക് നൽകുന്ന ഫീസിന്റെ വിവരങ്ങൾ, കേസിന്റെ നിലവിലെ അവസ്ഥ എന്നിവയുൾപ്പെടുത്തി സ്യൂട്ട് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്. ഫ്രണ്ട് ഓഫീസ് സംവധാനം തൃപ്തികരമായി പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഫ്രണ്ട് ഓഫീസിൽ ഏർപ്പെടുത്തിയിട്ടുള്ള ടച്ച് സ്ക്രീൻ കംപ്യൂട്ടർ പ്രവർത്തനരഹിതമാണ്.

വരവിനങ്ങളുടെ രജിസ്റ്ററുകൾ -വരവിനങ്ങളുടെ ഡി.സി.ബി. തയ്യാറാക്കിയിട്ടുണ്ട്. നികുതി നിർണ്ണയം കഴിഞ്ഞ നിരവധി കെട്ടിടങ്ങളുടെ ഡേറ്റാ എൻട്രി സഞ്ചയ സോഫ്റ്റ്‌വെയറിൽനടത്തുവാനവശേഷിക്കുന്നു. നികുതി നിർണ്ണയിക്കുമ്പോൾ തന്നെ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തലുകൾ നടത്തേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11.11.2016 | 10/2016 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21.04.16 മുതൽ 03.05.16 വരെ | 2011-12 മുതൽ 2015-16 വരെ | (HQ)II/8A-2435/38, dtd.31.05.16 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക ധനകാര്യ പത്രികകളുടെ അവലോകനവും വിശകലനവും

വിജയപുരം ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ ധനകാര്യ പത്രികകളുടെ അവലോകനവും വിശകലനവും ചുവടെ ചേർക്കുന്നു.

1-ഓഡിറ്റിന് ഹാജരാക്കിയ വാർഷിക ധനകാര്യപത്രികയുടെ ഭാഗമായ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം 2015-16 വർഷത്തെ വരുമാനമിച്ചം (Surplus) 11524070/-രൂപയാണ്. തൻവർഷത്തെ വരുമാനമിച്ചം കൂടി കണക്കിലെടുത്തുള്ള 31-3-16 പ്രകാരമുള്ള ജനറൽ ഫണ്ട് 92018331.6/-രൂപയാണ്. എന്നാൽ സാംഖ്യ അക്കൗണ്ടിംഗ് സമ്പ്രദായം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഒരു നിശ്ചിത പരിവർത്തന കാലഘട്ടത്തിലേയ്ക്ക് (Transition Period ) മാത്രം അനുവദിച്ച അക്കൗണ്ടിംഗ് സംബന്ധമായ ഇളവുകൾ പ്രത്യേക സർക്കാർ അനുമതി കൂടാതെ തുടരുകയാണ്. ഇതിനായുള്ള പരിവർത്തന കാലഘട്ടത്തിന് ശേഷവും ആസ്തി ബാധ്യതകളുടെ മൂല്യനിർണ്ണയം ഉൾപ്പടെയുള്ള നടപടികൾ പൂർത്തീകരിച്ചിട്ടില്ല. ആയതിനാൽ കണക്കാക്കപ്പെട്ടിട്ടുള്ള ജനറൽ ഫണ്ട് പൊസിഷൻ അന്തിമമല്ല. സാംഖ്യ അക്കൗണ്ടിംഗ് സംബന്ധമായ മുന്നൊരുക്ക നടപടികൾ പൂർത്തീകരിച്ചിട്ടില്ലാത്തതിനാലും വസ്തുനികുതി പോലെയുള്ള പ്രധാന നികുതി ഇനങ്ങളുടെ കുടിശ്ശിക സംബന്ധമായ ഡാറ്റ ബേസ് പൂർണ്ണമല്ലാത്തതിനാലും ജനറേറ്റ് ചെയ്യപ്പെടുന്ന ധനകാര്യ റിപ്പോർട്ടുകൾ സ്ഥാപനത്തിന്റെ ധനകാര്യ സ്ഥിതി വിശകലനം ചെയ്യുന്നതിനും അനുപാത വിശകലനം (Ratio Analysis) ഉൾപ്പടെയുള്ളവയ്ക്ക് അടിസ്ഥാനമാക്കുന്നതിനും പര്യാപ്തമല്ല.

2-അക്കൗണ്ട്സിന്മേലുള്ള കുറിപ്പുകൾ വാർഷിക ധനകാര്യ പത്രികയോടൊപ്പം ലഭ്യമാക്കിയിരുന്നില്ല. ആയതിനാൽ പ്രൊവിഷൻ, ഡിപ്രീസിയേഷൻ തുടങ്ങിയവയ്ക്ക് അടിസ്ഥാനമാക്കിയ മാനദണ്ഡങ്ങൾ ,വർഷാവസാനം സ്വീകരിച്ച അക്കൗണ്ടിംഗ് ക്രമീകരണ നടപടികൾ (Period End Procedures ) എന്നിവയെ സംബന്ധിച്ച വിവരം ലഭ്യമായില്ല. വസ്തുനികുതിയുടെ കുടിശ്ശിക ഡിമാന്റ് സംബന്ധമായ വിവരം സഞ്ചയയിൽ നിന്നും ലഭിക്കാത്തതിനാൽ ടിയിനത്തിലുള്ള പൊവിഷൻ നൽകിയിട്ടില്ല. ഇത് ധനകാര്യ റിപ്പോർട്ടുകളുടെ കൃത്യതയെ ബാധിക്കുന്ന അപാകതയാണ്.

3-ബി-7 ഷെഡ്യൂൾ പ്രകാരമുള്ള വാടക ഡെപ്പോസിറ്റ് (22798/-രൂപ) വാടക രജിസ്റ്ററിലേയും ഡെപ്പോസിറ്റ് രജിസ്റ്ററിലേയും തുകയുമായി പൊരുത്തപ്പെടുന്നില്ല.

4-മറ്റ് നിർവ്വഹണ എജൻസികളിലേയ്ക്ക് ഡെപ്പോസിറ്റ് ചെയ്തതും 31-3-16 ൽ വിനിയോഗസാക്ഷ്യപത്രം ലഭിക്കാത്തതുമായ തുകകളുടെ വിവരം B-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരുന്നില്ല.

5- നിലവിൽ അവസാനിപ്പിച്ചിട്ടുള്ളതും സർക്കാർ ഉത്തരവ് പ്രകാരം നിലനിർത്താനാകാത്തതുമായ വി.പി.എഫ്.എ 1 അക്കൗണ്ട് പ്രകാരം 31.3.16 ൽ 101320 രൂപ (2008-09 ൽ ക്രഡിറ്റ് ചെയ്യാൻ വിട്ടുപോയ ഒരു ഗഡു) ബാലൻസിൽ കാണിച്ചിട്ടുണ്ട്. ട്രഷറിയിൽ അവശേഷിക്കാത്ത തുക പഞ്ചായത്ത് കണക്കിൽ നീക്കിയിരിപ്പായി ചേർത്തിട്ടുള്ളത് ശരിയായ നടപടിയല്ല. ഇത് കണക്കിൽ നിന്ന് നിയമാനുസൃതനടപടികളിലൂടെ ഒഴിവാക്കേണ്ടതും തുക നഷ്ടമായത് സംബന്ധിച്ചുള്ള തുടർനടപടി പ്രത്യേകമായി സ്വീകരിക്കേണ്ടതുമാണ്.

6-വസ്തുനികുതി മുൻവർഷങ്ങളിൽ തെറ്റായി ചേർത്ത ഡിമാൻഡ് ക്രമീകരിക്കുവാനായിട്ടില്ല. എം.ആർ.എഫിന്റെ വസ്തുനികുതി ഇപ്രകാരം ഉയർന്ന ഡിമാൻഡായി ചേർക്കുകയും പിന്നീട് സർക്കാർ ഉത്തരവുപ്രകാരം കുറക്കുകയുമുണ്ടായി. എന്നാൽ ഇപ്പോഴും ആദ്യം ഡിമാൻഡ് ചെയ്ത തുകയിൽ കുറവ് വരുത്തുന്നതിന് കഴിഞ്ഞിട്ടില്ല.

മേൽ അപാകതൾ കൂടി പരിഗണിച്ചുള്ള ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 2-2 ഇ-പേയ്മെന്റ് സംവിധാനം പരാജയപ്പെട്ടു-മറ്റ് അപാകതകൾ.

ഗ്രാമപഞ്ചായത്തിലെ വിവിധനികുതിയിനങ്ങൾ ഇ-പേയ്മെന്റ് മുഖേന സ്വീകരിക്കുന്നതിനായി ആവിഷ്കരിച്ച സംവിധാനം പരാജയപ്പെട്ടതായി കാണുന്നു. ഇതിനുവേണ്ടി എസ്സ്.ബി.ഐ കളത്തിപ്പടി ബ്രാഞ്ചിൽ 33276145903 നമ്പരായി എസ്സ്.ബി അക്കൗണ്ട് ആരംഭിക്കുകയും പി.ഒ.എസ്സ് മെഷീൻ ക്രമീകരിക്കുകയും ചെയ്തിരുന്നു. എന്നാൽ പ്രസ്തുത അക്കൗണ്ടിലൂടെ കേവലം ഒരിടപാട് മാത്രമാണ് നടന്നത്. ശ്രീമതി രാജി ആർ.വി (കെട്ടിട നം- 14/616എ) എന്ന നികുതിദായക 2167/-രൂപ ഒടുക്കി . പ്രസ്തുത സംവിധാനം നിർത്തലാക്കി പി.ഒ.എസ്സ് മെഷീൻ സറണ്ടർ ചെയ്തതിനെ തുടർന്ന് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്ത മുഴുവൻ തുകയും വിവിധ ചാർജിനങ്ങളിലായി ഡെബിറ്റ് ചെയ്ത് ബാങ്ക് അക്കൗണ്ട് അവസാനിപ്പിച്ചതായി കാണുന്നു. പ്രസ്തുത നികുതി ദായകക്ക് 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-20 (എ) യിൽ അനുശാസിക്കും വിധം രസീത് നൽകി തുക പഞ്ചായത്ത് കണക്കിൽ വരവ് വെച്ചതിന്റെ വിവരം അറിയിക്കുന്നതിനായും കൂടാതെ ഇതിനായി ആരംഭിച്ച അക്കൗണ്ടിൽ കൂടി 7/9/13 ൽ പണമായി നടന്ന ഇടപാടിന്റെ (10000 രൂപ നിക്ഷേപിക്കുകയും പിൻവലിക്കുകയും ചെയ്തത്) നിജസ്ഥിതി ഓഡിറ്റിൽ ബോധ്യപ്പെടുത്തുന്നതിനുമായി 16-ാം നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.പൊതുജനങ്ങൾക്ക് സൗകര്യപ്രദമായ ഇത്തരമൊരു സംവിധാനം അവസാനിപ്പിച്ചതിന്റെ സാഹചര്യം വ്യക്തമാക്കാനും ആവശ്യപ്പെട്ടിരുന്നു. ഇതിന്മേൽ ലഭ്യമാക്കിയ മറുപടിയിൽ നികുതി ദായക രേഖാമൂലം അറിയിച്ചപ്പോൾ മാത്രമാണ് ഇത്തരമൊരു അടവിന്റെ വിവരം ഗ്രാമ പഞ്ചായത്തധികൃതരുടെ ശ്രദ്ധയിൽപ്പെട്ടതെന്നും ഇ പേയ്മെന്റ് സംവിധാനം തുടരുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത അക്കൗണ്ടിൽ കൂടി നടന്ന 10000/-രൂപയുടെ ഇടപാടിന്റെ നിജസ്ഥിതിയും തുക ബന്ധപ്പെട്ട ശീർഷകത്തിൽ വരവിലെടുത്തതിന്റെ വിശദാംശങ്ങളും ഓഡിറ്റിൽ ബോധ്യപ്പെടുത്തിയിട്ടില്ല. ഇക്കാര്യം ബോധ്യപ്പെടുത്തേണ്ടതും പ്രാരംഭഘട്ടത്തിൽ ഉണ്ടായ അപാകത പരിഹരിച്ച് പൊതുജനങ്ങൾക്ക് പ്രയോജനപ്രദമായ രീതിയിൽ ഇ-പേയ്മെന്റ് സംവിധാനം കുറ്റമറ്റ രീതിയിൽ പുനരാരംഭിക്കേണ്ടതുമാണ്.

## 2-3-1 വസ്തുനികുതി-സഞ്ചയ സോഫ്റ്റ് വേറിൽ വിവരങ്ങൾ പൂർണ്ണമല്ല.

വസ്തുനികുതി നിർണ്ണയം, നികുതി ഡിമാൻഡ് എന്നിവയുമായി ബന്ധപ്പെട്ട സഞ്ചയ പ്രോപ്പർട്ടി ടാക്സ് മോഡ്യൂളിലെ വിവരങ്ങൾ പൂർണ്ണമല്ലായെന്ന് 2014-15 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക നം-2-2-2 പ്രകാരം ഓഡിറ്റ് ചൂണ്ടിക്കാട്ടിയിരുന്നു. 2015-16 വർഷവും ഇതേ രീതിയിൽ തന്നെയാണ് നികുതി നിർണ്ണയം നടത്തുന്നത്. രജിസ്റ്ററുകളിൽ മാത്രമാണ് നികുതി നിർണ്ണയം സംബന്ധിക്കുന്ന രേഖപ്പെടുത്തലുകൾ നടത്തുന്നത്. പിന്നീട് ഡേറ്റാ എൻട്രിയായി രജിസ്റ്ററിലെ വിവരങ്ങൾ പകർത്തുകയാണ് ചെയ്ത് വരുന്നത്. എന്നാൽ ഓഡിറ്റ് പരിശോധിച്ച പല കെട്ടിടങ്ങളുടെയും വിവരങ്ങൾ സഞ്ചയ സോഫ്റ്റ് വേറിൽ ലഭ്യമായിരുന്നില്ല. സഞ്ചയ പൂർണ്ണമാക്കുന്നതിന് അടിയന്തിര ശ്രമങ്ങളുണ്ടാകേണ്ടതാണ്.

## 2-3-2 എം.ആർ.എഫ് കമ്പനിയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി പരിഷ്ക്കരണത്തിലെ അപാകതകൾ

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എം.ആർ.എഫ് കമ്പനിയുടെ

അനുബന്ധകെട്ടിടങ്ങളായ എംപ്ലോയിസ് കോപ്പറേറ്റീവ് സൊസൈറ്റി, ടൈം ഓഫീസ് എന്നിവയെ ഓഫീസ് ആവശ്യത്തിനുള്ള കെട്ടിടങ്ങളുടെ ഗണത്തിൽപ്പെടുത്തി വസ്തുനികുതി പരിഷ്കരിക്കുന്നതിന് പകരം വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ ഗണത്തിൽപ്പെടുത്തിയാണ് നികുതി പരിഷ്കരിച്ചിരിക്കുന്നത്. ഇപ്രകാരം വാണിജ്യാവശ്യത്തിനുള്ള ഗണത്തിൽപ്പെടുത്തിയതിനാൽ 27.04.2015 ലെ ജി.ഒ(പി)നം.144/2015/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരമുള്ള ഇളവുകൾ കൂടി (നികുതി വർദ്ധനവ് 100%ൽ പരിമിതപ്പെടുത്തി) പ്രസ്തുത കെട്ടിടങ്ങൾക്ക് നികുതി പരിഷ്കരണം നടത്തിയപ്പോൾ ലഭിക്കുകയും വരുമാന നഷ്ടം ഉണ്ടാവുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കെട്ടിടങ്ങളെ ഓഫീസ് ആവശ്യത്തിനുള്ളവയുടെ ഗണത്തിൽപ്പെടുത്തിയിരുന്നുവെങ്കിൽ വാണിജ്യാവശ്യത്തിനുള്ള പരിമിതപ്പെടുത്തലിന്റെ ആനുകൂല്യം ലഭിക്കില്ലായിരുന്നു.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നം. | കെട്ടിടം | വിസ്തീർണ്ണം (ച.മീറ്ററിൽ) | പഴയ നികുതി (ARV പ്രകാരം) | പരിഷ്കരിച്ച അടിസ്ഥാന വസ്തുനികുതി (വർദ്ധനവ് 100% ൽ പരിമിതപ്പെടുത്തിയിരിക്കുന്നു) | നിർണ്ണയിക്കേണ്ടനികുതി (ച.മീറ്ററിന് 40 രൂപാ നിരക്കിൽ-അർഹതപ്പെട്ട വർദ്ധനവ്/ഇളവ് ഉൾപ്പടെ) | കുറവ് |
|---|---|---|---|---|---|---|
| XVI/ 536 | എം ആർ എഫ് എംപ്ലോയിസ് കോപ്പറേറ്റീവ് സൊസൈറ്റി | 557 | 227 | 454 | 22280+7798 (35%)-6684 (30%)=23394 | 22940 |
| XVI/ 548 | ടൈം ഓഫീസ് | 163 | 851 | 1702 | 6520+1304 (20%)-652 (10%)=7172 | 5470 |
| ആകെ | | | | | | 28410 |

ആയതിനാൽ മേൽ കെട്ടിടങ്ങളുടെ വസ്തുനികുതി പുനർനിർണ്ണയിച്ച് പുതുക്കിയ ഡിമാന്റ് സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തേണ്ടതും കുറവ് വന്ന തുക ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

## 2-3-3 വസ്തുനികുതി-100 ച.മീറ്ററിൽ കൂടുതൽ വിസ്തൃതിയുള്ള വാണിജ്യവശ്യങ്ങൾക്കുള്ള കെട്ടിടത്തിന് ഉയർന്ന നികുതി നിരക്ക് ചുമത്തിയില്ല.

രാജുമോൻ തോമസ്സ് ,നെടുവത്തോട്, മാങ്ങാനം പി.ഒ എന്നയാളുടെ 8/443 B,C എന്നീ കെട്ടിടങ്ങൾ യഥാക്രമം 139.79, 38.92 ച.മീറ്ററുകളിലായി നികുതി നിർണ്ണയം നടത്തിയ കെട്ടിടങ്ങളുടെ നികുതി നിർണ്ണയം നടത്തിയതിൽ താഴെ പറയുന്ന അപാകത ഉള്ളതായി കാണുന്നു.(നികുതി നിർണ്ണയം നടത്തിയ തീയതി 26-10-2015).

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ

വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. എന്നാൽ പഞ്ചായത്തിൽ ഒരു വ്യക്തിയുടെ ഉടമസ്ഥതയിലുള്ള ഒരേ സമയം നികുതി നിർണ്ണയിച്ച, വാണിജ്യാവശ്യത്തിനായി മാത്രം ഉപയോഗിക്കുന്ന ആകെ100ച.മീ. കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടത്തിന്റെ ഓരോ ഭാഗത്തിനും വിവിധ നമ്പരുകൾ നല്കി നികുതി നിർണ്ണയിച്ച് 100 ച.മീറ്ററിൽ കുറവുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ നികുതി നിരക്കായ 40 രൂപയാണ് ചുമത്തിയിരിക്കുന്നത്. തദ്ദേശസ്വയംഭരണ (ആർ ഡി) വകുപ്പിന്റെ 14.01.11 ലെ സർക്കാർ ഉത്തരവ് (അച്ചടി) 19 /2011/ തസ്വഭവ, അടിസ്ഥാനത്തിൽ പഞ്ചായത്ത് പ്രദേശത്തെ കെട്ടിടങ്ങളുടെ നികുതി നിരക്കുകൾ വിജ്ഞാപനം ചെയ്തിട്ടുണ്ട് (എ3/5865/11(1)തീ-12/01/2012). ടി വിജ്ഞാപന പ്രകാരം വാണിജ്യാവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതും 100 ച.മീറ്ററിലധികമുള്ളതുമായ കെട്ടിടങ്ങൾക്ക് ചതുരശ്രമീറ്ററിന് 60 രൂപ നിരക്കിൽ നികുതി നിശ്ചയിച്ചിട്ടുള്ളതാണ്. ഒരേ ആളുടെ ഉടമസ്ഥതയിലുള്ള ഒരേ ഉപയോഗക്രമത്തിലുള്ള കെട്ടിടത്തിന് വസ്തുനികുതി പ്രത്യേകമായി കണക്കാക്കിയതും, നൂറ് ചതുരശ്രമീറ്ററിൽ താഴെ വിസ്തൃതിയിലുള്ള വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്കുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക് (40 രൂപ) ചുമത്തിയതും പഞ്ചായത്തിന് നികുതി നഷ്ടമുണ്ടാക്കി. 8/443 Bകെട്ടിടത്തിന് 100 ച.മീറ്ററിൽ അധികം വിസ്തൃതി ഒന്നിച്ച് രേഖപ്പെടുത്തിയിട്ടും ഉയർന്ന നികുതി നിരക്ക് ചുമത്തിയില്ല. നികുതി നിർണ്ണയിച്ചതിന്റെയും നിർണ്ണയിക്കേണ്ടതിന്റെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നം/തറ വിസ്തൃതി | ചുമത്തിയ വസ്തുനികുതി | ചുമത്തിയ സേവന ഉപനികുതി | ആകെ തറ വിസ്തീർണ്ണം | ചുമത്തേണ്ട വസ്തുനികുതി | ചുമത്തേണ്ട സേവന ഉപനികുതി | കുറവ് |
|---|---|---|---|---|---|---|
| 4/443 B<br>139.79 | 139.79X40=5591.6<br>വർദ്ധനവ്-20%(റോഡ്)-1118.32<br>ആകെ-6710 | 1007 | 178.71 | 178.71X60= 10722.6<br>വർദ്ധനവ്-20%(റോഡ്)= 2144.52<br>ആകെ-12868 | 1931 | വസ്തുനികുതി-4289<br>സേ. ഉപനികുതി-643 |
| 4/443 C<br>38.92 | 38.92X40= 1556.8<br>വർദ്ധനവ്-20%(റോഡ്)-311.36<br>ആകെ-1869 | 281 | | | | |

നികുതി പുനനിർണ്ണയിക്കേണ്ടതും കുറവ് വന്ന തുക 4932 രൂപ കെട്ടിട ഉടമയിൽ നിന്നോ അല്ലാത്തപക്ഷം ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നോ ഈടാക്കേണ്ടതുമാണ്.

## 2-3-4 വാണിജ്യാവശ്യങ്ങൾക്ക് ലൈസൻസ് നേടിയ ലൈസൻസികളുടെ കെട്ടിടങ്ങൾ പാർപ്പിടാവശ്യത്തിനായി നികുതി നിർണ്ണയിച്ചവയായിരുന്നു.

വിവിധ വാണിജ്യവശ്യങ്ങൾക്ക് ലൈസൻസ് നേടിയവരുടെ താഴെപറയുന്ന കെട്ടിടങ്ങളുടെ നമ്പരുകൾ സഞ്ചയ പ്രോപ്പർട്ടി ടാക്സ് -റവന്യൂമൊഡ്യൂളിൽ പരിശോധിച്ചതിൽ താഴെ പറയുന്ന കെട്ടിടങ്ങൾ പാർപ്പിടാവശ്യങ്ങൾക്കുള്ള നിരക്കിൽ നികുതി നിർണ്ണയിച്ചവയാണെന്ന് കാണുന്നു.

1. 13/484 A സെന്റ് മേരീസ് പ്രിന്റേഴ്സ്

2. 8/392 മന്ദിരം കഫേ, ഹോസ്പിറ്റൽ കാന്റീൻ

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്( നം 21/21.12.16) മറുപടിലഭ്യമാക്കിയില്ല. കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും)ചട്ടങ്ങളിലെ ചട്ടം- 17 പ്രകാരം ഉപയോഗക്രമത്തിലുണ്ടാകുന്ന മാറ്റം 30 ദിവസത്തിനകം സെക്രട്ടറിയെ അറിയിക്കേണ്ടതുണ്ട്. ഇപ്രകാരം അറിയിക്കാതെ ഉപയോഗക്രമം മാറ്റുന്ന കെട്ടിടങ്ങളുടെ നികുതി പുനനിർണ്ണയിക്കേണ്ടതാണ്. ലൈസൻസ് അപേക്ഷകളിൽ ഫീൽഡ് തല പരിശോധന നടത്തുമ്പോൾ കെട്ടിടത്തിന്റെ നികുതി നിർണ്ണയവും ഉപയോഗക്രമവും പരിശോധനാവിധേയമാക്കേണ്ടതാണ്. മുകളിൽ സൂചിപ്പിച്ച കെട്ടിടങ്ങളുടെ ഉപയോഗക്രമം അന്വേഷിച്ച് റിപ്പോർട്ട് നൽകേണ്ടതാണ്.

## 2-4-1 <u>ജീവനക്കരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല</u>

തൊഴിൽനികുതി സംബന്ധിച്ച രേഖകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ 2015-16 വർഷം താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഈടാക്കാത്ത അർദ്ധവർഷം |
|---|---|---|
| 1 | ഡയറി എക്സ്റ്റെൻഷൻ ഓഫീസ്,പള്ളം | രണ്ട് |
| 2 | യുറേക്കാ ഫോബ്സ് | ഒന്ന്,രണ്ട് |
| 3 | ജർമൻടെക്ക് | ഒന്ന്,രണ്ട് |
| 4 | ജൂബിലി ഓട്ടോ മൊബൈൽസ്,കളത്തിപ്പടി | രണ്ട് |
| 5 | ക്ഷീര വ്യവസായ കോപ്പറേറ്റീവ് സൊസൈറ്റി, വടവാതൂർ | ഒന്ന്,രണ്ട് |
| 6 | വില്ലേജ് ഓഫീസ്,വടവാതൂർ | രണ്ട് |
| 7 | മാവേലി സ്റ്റോർ,മാങ്ങാനം | രണ്ട് |
| 8 | പുളിമൂട്ടിൽ ഓട്ടോമൊബൈൽസ് | രണ്ട് |
| 9 | ശാരം സെന്റർ ഫോർ ആയുർവേദ ആർട്സ് | രണ്ട് |
| 10 | സത്യ എഞ്ചിനിയറിംഗ് വർക്ക്സ് | രണ്ട് |
| 11 | താന്നിക്കൽ കൺസ്ട്രക്ഷൻസ് | ഒന്ന്,രണ്ട് |
| 12 | എസ്.ബി.ഐ മ്യൂച്വൽ ഫണ്ട് | രണ്ട് |
| 13 | റബ്ബർവുഡ് ഇൻഡ്യാ പ്രൈവറ്റ് ലിമിറ്റഡ് | രണ്ട് |
| 14 | വിജയപുരം അഗ്രിക്കൾച്ചറൽ ഇംപ്രൂവ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | ഒന്ന്, രണ്ട് |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി പിഴപലിശ സഹിതം ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-4-2 സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല

തൊഴിൽനികുതി സംബന്ധിച്ച രേഖകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ 2015-16 വർഷം താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽനികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഈടാക്കാത്ത അർദ്ധവർഷം |
|---|---|---|
| 1 | യുറേക്കാ ഫോബ്സ് | ഒന്ന്,രണ്ട് |
| 2 | ജർമൻടെക്ക് | ഒന്ന്,രണ്ട് |
| 3 | ജൂബിലി ഓട്ടോ മൊബൈൽസ്,കളത്തിപ്പടി | രണ്ട് |
| 4 | വടവാതൂർ ക്ഷീര വ്യവസായ കോപ്പറേറ്റീവ് സൊസൈറ്റി | ഒന്ന്,രണ്ട് |
| 5 | എം.ആർ.എഫ് എംപ്ലോയീസ് കോപ്പറേറ്റീവ് സൊസൈറ്റി | ഒന്ന്,രണ്ട് |
| 6 | മാവേലി സ്റ്റോർ,മാങ്ങാനം | രണ്ട് |
| 7 | പുളിമൂട്ടിൽ ഓട്ടോമൊബൈൽസ് | രണ്ട് |
| 8 | ശാരം സെന്റർ ഫോർ ആയുർവേദ ആർട്സ് | രണ്ട് |
| 9 | സത്യ എഞ്ചിനിയറിംഗ് വർക്സ് | രണ്ട് |
| 10 | താന്നിക്കൽ കൺസ്ട്രക്ഷൻസ് | ഒന്ന്,രണ്ട് |
| 11 | എസ്.ബി.ഐ മ്യൂച്ചൽ ഫണ്ട് | ഒന്ന്,രണ്ട് |
| 12 | റബ്ബർവുഡ് ഇൻഡ്യാ പ്രൈവറ്റ് ലിമിറ്റഡ് | രണ്ട് |
| 13 | മാർ ബസേലിയോസ് പബ്ലിക് സ്കൂൾ | ഒന്ന്,രണ്ട് |

മേൽ സ്ഥാപനങ്ങളുടെ സ്ഥാപനതൊഴിൽനികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-4-3 എം.ആർ.എഫ്. കമ്പനിയിലെ മുഴുവൻ ജീവനക്കാരും തൊഴിൽനികുതി ഡിമാന്റിൽ ഉൾപ്പെടുന്നുവെന്ന് ഉറപ്പാക്കുന്നില്ല.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എം.ആർ.എഫ് കമ്പനിയുടെ സീനിയർ അക്കൗണ്ട്സ് മാനേജർ സമർപ്പിച്ചിട്ടുള്ള തൊഴിൽ നികുതി റിട്ടേൺ പ്രകാരം 1775 ജീവനക്കാരുടെ തൊഴിൽനികുതിയാണ് ഗ്രാമപഞ്ചായത്തിൽ അടവാക്കിയിട്ടുള്ളത്. എന്നാൽ ലൈസൻസിനായി 2015-16 വർഷം സ്ഥാപനത്തിന്റെ പ്ലാന്റ് ഹെഡ്സ് സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ പ്രസ്തുത സ്ഥാപനത്തിലെ ആകെ ജോലിക്കാരുടെ എണ്ണം 2475 എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ആയത് പ്രകാരം തൊഴിൽനികുതി അടവാക്കിയവരുടെ എണ്ണത്തിൽ 700 ജീവനക്കാരുടെ കുറവ് വന്നതായി കാണുന്നു. ഇതിൽ നിന്നും കമ്പനിയിലെ മുഴുവൻ ജീവനക്കാരും തൊഴിൽ നികുതി ഡിമന്റിൽ ഉൾപ്പെട്ടിട്ടുണ്ടോയെന്ന് ഗ്രാമപഞ്ചായത്ത് ഉറപ്പാക്കിയിട്ടില്ല എന്ന് മനസ്സിലാകുന്നു. മേൽ വിഷയത്തിന് നൽകിയ ഒന്നാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. 700 ജീവനക്കാരുടെ കുറഞ്ഞ തൊഴിൽ നികുതി കണക്കാക്കിയാൽപോലും ഒരു വർഷം രണ്ടുലക്ഷത്തോളം രൂപയുടെ നഷ്ടം ഉണ്ടാകുന്നുണ്ട്. ആയതിനാൽ സ്ഥാപനത്തിലെ മുഴുവൻ ജീവനക്കാരേയും

ഉൾപ്പെടുത്തിയ തൊഴിൽനികുതി റിട്ടേൺ സ്ഥാപന മേധാവിയോട് ആവശ്യപ്പെടേണ്ടതും തൊഴിൽനികുതി അടക്കുവാൻ ബാദ്ധ്യസ്ഥരായ മുഴുവൻ ജീവനക്കാരുടേയും നികുതി കുടിശ്ശിക സഹിതം ഈടാക്കേണ്ടതുമാണ്.

## 2-4-4 ബ്ലോക്ക് പഞ്ചായത്തിൽ പ്രവർത്തിക്കുന്ന എം.ജി.എൻ.ആർ.ഇ.ജി.എസ്സ്, ഐ.കെ.എം ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാൻഡ് ചെയ്തീടാക്കുന്നില്ല.

1)പള്ളം ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് വിജയപുരം പഞ്ചായത്തിന്റെ അതിർത്തിക്കുള്ളിൽ പ്രവർത്തിക്കുന്ന ഒരു സർക്കാർ ഓഫീസാണ്. ബ്ലോക്ക് പഞ്ചായത്ത് ഓഫീസുമായി ബന്ധപ്പെട്ട് ബ്ലോക്ക് പ്രോഗ്രാം ഓഫീസറുടെ നിയന്ത്രണത്തിലാണ് എംജിഎൻ ആർ ഇ ജി എസ്സ് പ്രവർത്തിച്ച് വരുന്നത്.എന്നാൽ എം.ജി എൻ ആർ.ഇ.ജി എസ്സിന്റെ കരാർ ജീവനക്കാരെ പഞ്ചായത്ത് തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കിയിട്ടില്ല.

2) പഞ്ചായത്തുകളിൽ വിന്യസിക്കപ്പെട്ടിട്ടുള്ള സോഫ്റ്റ് വേറുകളുടെ പരിപാലനത്തിനായി ഐ.കെ.എം വിന്യസിച്ചിട്ടുള്ള ഉദ്യോഗസ്ഥരും പഞ്ചായത്തിൽ തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരാണ്. ഐ.കെ.എം തിരുവനന്തപുരം ഓഫീസുമായി ബന്ധപ്പെട്ട് ടി ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കേണ്ടതാണ്.

എം.ജി എൻ ആർ ഇ ജി എസ്സ്, ഐ,കെ.എം ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 2-4-5 വാണിജ്യാവശ്യത്തിനുനികുതി നിർണ്ണയിച്ച കെട്ടിട ഉടമകളോട് മുറികൾ കൈവശം വച്ചിരിക്കുന്നവരെ സംബന്ധിക്കുന്ന വിവരങ്ങൾ ശേഖരിക്കാത്തത് തൊഴിൽ നികുതി ചോർച്ചക്കിടയാക്കുന്നു.

വാണിജ്യവശ്യത്തിനായോ, ലോഡ്ജിങ്ങിനായോ, ഹോസ്റ്റലിനായോ നികുതി നിർണ്ണയിക്കുന്ന എല്ലാകെട്ടിട ഉടമകളോടും അല്ലെങ്കിൽ കൈവശക്കാരനോടും കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 205 ബി അനുശാസിക്കും പ്രകാരം സെക്രട്ടറിക്ക് നോട്ടീസ് മൂലം മുറികൾ കൈവശം വച്ചിരിക്കുന്ന എല്ലാവരുടെയും പേര്,അവരുടെ തൊഴിൽ, കല, ബിസിനസ് കൈവശം വച്ചിരിക്കുന്നയാൾ കൊടുക്കുന്ന വാടക (ഉണ്ടെങ്കിൽ), കൈവശം വയ്ക്കുന്ന കാലം എന്നിവ ഉൾക്കൊള്ളുന്നതുമായ രേഖാമൂലമുള്ള ഒരു ലിസ്റ്റ് നിർദ്ദിഷ്ട സമയത്തിനുള്ളിൽ സമർപ്പിക്കാനാവശ്യപ്പെടാവുന്നതാണെന്ന് നിർദ്ദേശിക്കുന്നുണ്ട്. ഉപയോഗ ക്രമം തിരിച്ച് കെട്ടിട ഉടമകളുടെ വിവരം വസ്തുനികുതി പ്രോപ്പർട്ടിടാക്സ് മോഡ്യൂൾ സഞ്ചയയിൽ ലഭ്യമാണ്. എന്നാൽ ഇപ്രകാരമുള്ള വിവരശേഖരണം പഞ്ചായത്ത് നടത്തുന്നില്ല. തന്മൂലം നഗരസ്വഭാവമുള്ള പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സ്വകാര്യ സ്ഥാപനങ്ങളുടെയും അതിലെ ജീവനക്കാരുടെയും തൊഴിൽ നികുതി നഷ്ടപ്പെടുന്നതിനിടയാക്കുന്നു. തൊഴിൽ നികുതിയിൽ നിന്നും രക്ഷപെടുന്ന ഇത്തരം സ്ഥാപനങ്ങളെയും അതിലെ ജീവനക്കാരെയും തൊഴിൽ നികുതിയുടെ പരിധിയിൽ കൊണ്ടുവരുന്നതിന് വാണിജ്യവശ്യത്തിനായി,ലോഡ്ജിനായി നികുതി നിർണ്ണയിച്ച മുഴുവൻ കെട്ടിട ഉടമകളോടും കേ.പ.രാ.നിയമം- 205 ബി പ്രകാരമുള്ള ലിസ്റ്റ് ആവശ്യപ്പെടേണ്ടതും ടി വിവരങ്ങൾ തനത് വരുമാന വർദ്ധനവിനുതകും വിധം ഉപയോഗിക്കേണ്ടതുമാണ്.

## 2-4-6 പാരാമെഡിക്കൽ രജിസ്ട്രേഷൻ നേടിയ സ്ഥാപനത്തിലെ

**ജീവനക്കാരുടെ തൊഴിൽ നികുതി ചുമത്തിയില്ല.**

പാരാമെഡിക്കൽ രജിസ്ട്രേഷൻ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള കളത്തിൽപടി വെൽ ഫാസ്റ്റ് മൾട്ടി സ്പെഷ്യാലിറ്റി ക്ലിനിക്കിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല. പാരാമെഡിക്കൽ രജിസ്ട്രേഷൻ സംബന്ധിച്ച രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പ്രാകാരം ടി സ്ഥാപനത്തിൽ 15ഡോക്ടർമാരും മറ്റു ജീവനക്കാരും ജോലി ചെയ്യുന്നുണ്ട് . ഡോക്ടർമാരുൾപ്പെടുന്ന മുഴുവൻ ജീവനക്കാരുടെയും തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-4-7 ലൈസൻസ് അപേക്ഷകളിൽ ജീവനക്കാരുടെ എണ്ണം ലഭ്യമായിരുന്നിട്ടും തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കിയിട്ടില്ല.

സ്ഥാപനം സമർപ്പിച്ചിരുന്ന ലൈസൻസ് അപേക്ഷകളിൽ ജീവനക്കാരുടെ എണ്ണം സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിരുന്നിട്ടും ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കിയിട്ടില്ല. ചില സ്ഥാപനങ്ങളുടെ പേരും ജീവനക്കാരുടെ എണ്ണവും ചുവടെ ചേർക്കുന്നു.

ചിക്കിംഗ് റസ്റ്റോറന്റ്-7

ജി-സ്വയർ മോട്ടോർസ് -12

സൂര്യ മോട്ടോർസ്-8

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 (1), (i) (ii) (iii) പ്രകാരം ഒരു വ്യക്തി ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/തൊഴിൽ ചെയ്യുമ്പോഴും ഒരു കമ്പനി അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുമ്പോഴും ഒരുവ്യക്തി തൊഴിൽ, കല, ബിസിനസ്സ്, ജോലി എന്നിവയിലേതെങ്കിലും ഏർപ്പെടുമ്പോഴും വ്യക്തിക്ക് മുതൽ മുടക്കുകളിൽ നിന്ന് ആദായം ലഭിക്കുമ്പോഴും തൊഴിൽ നികുതിക്ക് വിധേയമാകുന്നതാണ്.മുഴുവൻ സ്ഥാപനങ്ങളിലെയും നിയമാനുസൃത ഇളവുകളില്ലാത്ത ജീവനക്കാരെ തൊഴിൽ നികുതി ഡിമാൻഡിലേക്ക് കൊണ്ടുവരേണ്ടതാണ്.

## 2-5-1 മിൽമ കോട്ടയം ഡയറി പഞ്ചായത്തിന്റെ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു-ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നീയിനങ്ങളിൽ 12500 രൂപ ഓഡിറ്റ് വർഷം ലഭിച്ചില്ല.

മിൽമ കോട്ടയം ഡയറി-ഓഡിറ്റ് വർഷം പഞ്ചായത്തിന്റെ ലൈസൻസില്ലാതെയാണ് പ്രവർത്തിക്കുന്നതെന്ന് ഡി ആൻഡ് ഒ ട്രേഡ് ലൈസൻസ് ഫീസ് രജിസ്റ്ററിൽ നിന്നും വ്യക്തമാകുന്നു. ലൈസൻസ് ഫീസിനൊപ്പം മെഷീനറിയുടെ സ്ഥാപനം , മെഷീനറിയുടെ തുടർ നടത്തിപ്പ് എന്നീ ഫീസുകൾ ഈടാക്കിയിട്ടില്ല. സ്ഥാപനത്തിന്റെ വരുമാനത്തിനനുസൃതമായി ഈടാക്കുന്ന തൊഴിൽ നികുതിയും പഞ്ചായത്ത് ചുമത്തിയിട്ടില്ല. സ്ഥാപനം ലൈസൻസ് കൂടാതെയാണോ ഇത് വരെ പ്രവർത്തിച്ചത് എന്നറിയുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനുള്ള (നം-8/21-12-2016) മറുപടിയിൽ സ്ഥാപനം 2014-15 വർഷം വരെ ലൈസൻസ് നേടിയാണ് പ്രവർത്തനം നടത്തിയിരുന്നതെന്നും ലൈസൻസ് ഫീസായി 4000 രൂപയും മെഷീനറിയുടെ തുടർ നടത്തിപ്പിനായി 6000 രൂപയും സ്ഥാപനത്തിന്റെ തൊഴിൽ നികുതിയിനത്തിൽ 2500 രൂപയും ഈടാക്കിയിട്ടുള്ളതായും സെക്രട്ടറി അറിയിച്ചു. ലൈസൻസ് ഈടാക്കപ്പെടാതെ പോകുന്നത് ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ പോരായ്മയാണ് സൂചിപ്പിക്കുന്നത്. കഴിഞ്ഞ വർഷം ഈടാക്കിയ നിരക്കുകൾ തന്നെ പരിഗണിച്ചാലും ലൈസൻസ് ഫീസ്,മെഷീനറിയുടെ നടത്തിപ്പിന്

ഈടാക്കുന്ന ലൈസൻസ് ഫീസ്, സ്ഥാപനത്തിന്റെ തൊഴിൽ നികതി എന്നീ ഇനങ്ങളിലായി 12500 രൂപ വരവിൽ കുറവ് വന്നിട്ടുണ്ട്. 15-16 വർഷം ലൈസൻസ് എടുക്കാതിരുന്നതിന് പുറമെ 16-17 വർഷവും മുൻകൂറായി എടുക്കേണ്ട ലൈസൻസ് എടുക്കാതെയാണ് മിൽമ കോട്ടയം ഡയറി പ്രവർത്തിച്ച് വരുന്നത്, 2015-16, 2016-17 വർഷങ്ങളിൽ ഫീസ് നികുതിയിനങ്ങളിൽ കുറവ് വന്ന തുക ഈടാക്കേണ്ടതും ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന സാഹചര്യം ഒഴിവാക്കേണ്ടതുമാണ്.

## 2-5-2 എം.ആർ.എഫ് കമ്പനിയിൽ സ്ഥാപിച്ചിട്ടുള്ള യന്ത്രങ്ങളുടെ കുതിരശക്തി സംബന്ധിച്ച പരിശോധനാ സാക്ഷ്യപത്രം വാങ്ങേണ്ടതാണ്

എം.ആർ.എഫ് കമ്പനിയുടെ നടത്തിപ്പിനായി ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് അപേക്ഷയിൽ സ്ഥാപനം 33000 കുതിരശക്തിയുള്ള യന്ത്രസാമഗ്രികൾ ഉപയോഗിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങളിലെ ചട്ടം 18 ന് അനുബന്ധമായ പട്ടിക 3 പ്രകാരം ഫീസ് ഇനത്തിൽ 330000 രൂപ ഈടാക്കിയിട്ടുണ്ട്. എന്നാൽ 2012-13 വർഷം മുതൽ സ്ഥാപനം ഇതേ തുക തന്നെയാണ് പ്രസ്തുത ഇനത്തിൽ അടച്ച് പോരുന്നത്. സ്ഥാപനം എത്ര കുതിരശക്തിയുള്ള യന്ത്രങ്ങൾ ഉപയോഗിക്കുന്നു എന്നത് സംബന്ധിച്ചുള്ള യതൊരു രേഖകളും അപേക്ഷയോടൊപ്പം വാങ്ങിയിട്ടില്ല.അന്വേഷണ റിപ്പോർട്ടിലും ഇത് സംബന്ധിച്ചുള്ള പരാമർശമില്ല. ഇത് സംബന്ധിച്ചുള്ള പരിശോധന പഞ്ചായത്ത് അധികൃതർ നടത്തിയിരുന്നോയെന്ന വിവരവും ലഭ്യമല്ല. എം.ആർ.എഫ് പോലെ വലിയ ഉല്പാദനം നടക്കുന്ന സ്ഥാപനത്തിൽ ഇത്രയും വർഷത്തിനുള്ളിൽ യന്ത്രത്തിന്റെ കുതിരശക്തിയിൽ വലിയ വർദ്ധനവ് ഉണ്ടാകുവാൻ സാദ്ധ്യതയുണ്ട്. ആയതിനാൽ സ്ഥാപനത്തിന്റെ അധികാരപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും നിലവിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന യന്ത്ര സാമഗ്രികളുടെ വിശദാംശങ്ങളും ശേഷിയും സംബന്ധിച്ചുള്ള സാക്ഷ്യപത്രം വാങ്ങേണ്ടതും യന്ത്രത്തിന്റെ ശേഷിയിൽ വർദ്ധനവ് ഉണ്ടെങ്കിൽ ആയതിന്റ അടിസ്ഥാനത്തിലുള്ള ഫീസ് ഈടാക്കേണ്ടതുമാണ്.

## 2-5-3 ഡി ആൻഡ് ഒ ട്രേഡ് ലൈസൻസ് ഫീസ് ഈടാക്കിയതിന്റെ അടിസ്ഥാനം വ്യക്തമല്ല.

വലിയ വിറ്റുവരവ് പ്രതീക്ഷിക്കാവുന്ന പെട്രോൾ പമ്പ് ,ഗ്യാസ് ഏജൻസി ,വാഹന ഷോറൂമുകൾ എന്നിവക്ക് ലൈസൻസ് നൽകിയപ്പോൾ കുറഞ്ഞ ലൈസൻസ് ഫീസ് മാത്രമാണ് ഈടാക്കിയിട്ടുള്ളത്.പല അപേക്ഷകളിലും അപേക്ഷകൻ പ്രതി ദിനവിറ്റുവരവ് രേഖപ്പെടുത്തിയിരുന്നില്ല. പ്രാദേശിക സ്ഥലപരിശോധന നടത്തിയ അപേക്ഷകനോ അന്വേഷണ ഉദ്യോഗസ്ഥനോ പ്രതിദിനവരുമാനം സംബന്ധിച്ച രേഖപ്പെടുത്തലുകൾ അപേക്ഷയിൽ രേഖപ്പെടുത്താതെ ലൈസൻസ് ഫീസ് തീരുമാനിച്ചത് എപ്രകാരമാണെന്ന് വിശദീകരിക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം2/21.12.16 ) മറുപടി നൽകിയില്ല. കുറഞ്ഞ നിരക്കിൽ ഫീസീടാക്കി ലൈസൻസ് നൽകിയ ചില സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ലൈസൻസിയുടെ പേര് കെട്ടിട നം | ലൈസൻസിന്റെ ആവശ്യം | ഈടാക്കിയ ലൈസൻസ് ഫീസ്-രസീത് നം |
|---|---|---|---|

| | | | |
|---|---|---|---|
| 1 | സജി ജോൺ,കരപ്പാറ ഫ്യൂവൽസ് ,മാങ്ങാനം 10/503 | പെട്രോൾ പമ്പ് | 500<br>11401108113 |
| 2 | പി.കെ മാത്യു & സൺസ്, വടവാതൂർ | പെട്രോൾ പമ്പ് | 500<br>11501100867 |
| 3 | കെ.എം.സഖറിയ<br>കളക്കാട്ട് ഹൗസ്<br>കളത്തിൽപ്പടി | എൽ.പി.ജി സംഭരണം | 200<br>11501101742 |
| 4 | കെ.എം.സഖറിയ<br>കളക്കാട്ട് ഹൗസ്<br>കളത്തിൽപ്പടി | എൽ.പി.ജി വിതരണം | 200<br>11501101744 |

1996 ലെ കേരള പഞ്ചായത്ത് രാജ്( ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ )ചട്ടങ്ങൾ, ചട്ടം-7 ന് അനുബന്ധമായുള്ള പട്ടിക-II പ്രകാരം ലൈസൻസ് ഫീസ് ചുമത്തുന്നതിന് ഫീൽഡ് തല അന്വേഷണ ഉദ്യോഗസ്ഥൻ ലൈസൻസ് അപേക്ഷകളിൽ പ്രതിദിന വിറ്റ് വരവ് രേഖപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. അല്ലാത്ത പക്ഷം ഏകദേശ പ്രതിദിന വരുമാനം തന്റെ റിപ്പോർട്ടിൽ ഉൾപ്പെടുത്തേണ്ടതും വരുമാന ചോർച്ചക്കുള്ള സാഹചര്യം ഒഴിവാക്കേണ്ടതുമാണ്.

## 2-5-4 സ്വകാര്യ ബിസിനസ്സ് സ്ഥാപനങ്ങളുടെ പൂർണ്ണ വിവരങ്ങൾ പഞ്ചായത്തിന്റെ പക്കലില്ലാത്തത് വരുമാന ചോർച്ചക്കിടയാക്കുന്നു.

പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും പഞ്ചായത്തിന്റെ വിവിധ ലൈസൻസുകളുമായോ രജിസ്ട്രേഷനുകളുമായോ ബന്ധപ്പെട്ട് പ്രവർത്തിക്കേണ്ടതുണ്ട്. കൃത്യവും കാലികവുമായ രജിസ്ട്രേഷനുകളും ലൈസൻസ് വിവരങ്ങളും സ്ഥാപനത്തിന്റെ തൊഴിൽ നികുതി ഡിമാൻഡ് ചെയ്യുന്നതിന് ആധാരമാക്കാവുന്നതുമാണ്. എന്നാൽ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന നിരവധി സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്തിന്റെ ലൈസൻസോടുകൂടിയോ രജിസ്ട്രേഷനോടുകൂടിയോ അല്ല പ്രവർത്തിക്കുന്നത്. വലിയ നഗരസ്വഭാവമുള്ള വിജയപുരം ഗ്രാമപഞ്ചായത്തിൽ തനത് വരുമാനം വർദ്ധനവിനുതകും വിധം സ്ഥാപനങ്ങളുടെ വിവരങ്ങൾ ശേഖരിക്കാത്തത് വൻ വരുമാനചോർച്ചക്കിടയാക്കുന്നു. ലൈസൻസിനായി പഞ്ചായത്തിനെ സമീപിക്കുന്ന സ്ഥാപനങ്ങളെ മാത്രമാണ് ലൈസൻസ് ഫീസിനൊപ്പം തൊഴിൽ നികുതി ചുമത്തുന്നത്. ഇത് കാരണം ലൈസൻസ് ആവശ്യമില്ലാതെ പ്രവർത്തിക്കാവുന്ന അഭിഭാഷക സ്ഥാപനങ്ങൾ, ചാട്ടേർഡ് അക്കൗണ്ടിംഗ് സ്ഥാപനങ്ങൾ ,ടാക്സ് കൺസൾട്ടൻസികൾ, പ്ലേ സ്കൂളുകൾ, ട്രാവൽ ഏജൻസികൾ തുടങ്ങി നിരവധി ബിസിനസ്സ് സ്ഥാപനങ്ങളുടെ തൊഴിൽ നികുതിയും പഞ്ചായത്തിന് നഷ്ടമാകുന്നുണ്ട്. നഗര സ്വഭാവമുള്ള പഞ്ചായത്തിൽ 2015-16 വർഷം ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന 352 സ്ഥാപനങ്ങൾ മാത്രമാണുള്ളത് . സ്വകാര്യ ആശുപത്രി/പാരാമെഡിക്കൽ സ്ഥാപനങ്ങളായി 13 എണ്ണവും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ട്യൂട്ടോറിയൽ സ്ഥാപനങ്ങളോ ലൈവ്-സ്റ്റോക്ക് ഫാമുകളോ രജിസ്റ്റർ ചെയ്തിട്ടില്ല. നഗര സ്വഭാവമുള്ള പഞ്ചായത്തിലെ പ്രധാന ബിസിനസ്സ് സ്ഥലങ്ങളായ വടവാതൂർ,കളത്തിൽപടി,മാങ്ങാനം

എന്നിവിടങ്ങളിലെ സ്വകാര്യ ബിസ്സിനസ്സ് സ്ഥാപനങ്ങൾ സ്വകാര്യ ക്ലാസിഫൈഡ് പരസ്യ വെബ്സൈറ്റുകൾ (quickerala.com,...)അടിസ്ഥാനമാക്കി പരിശോധിച്ചപ്പോൾ അഞ്ഞൂറിലധികം സ്ഥാപനങ്ങൾ ടി വെബ്സൈറ്റിൽ മാത്രം രജിസ്റ്റർ ചെയ്തിട്ടുള്ളതായി കാണുന്നു. ചില സ്ഥാപനങ്ങളുടെ പേര് വിവരം ഈ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിരിക്കുന്നു. (അനുബന്ധം-5). എന്നാൽ ലൈസൻസ് രജിസ്റ്ററിൽ മിക്കപ്പോഴും സ്ഥാപനത്തിന്റെ പേര് രേഖപ്പെടുത്താത് മൂലം ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നവയെ തിരിച്ചറിയുവാൻ സാധിക്കാത്ത സാഹചര്യം ഉണ്ടായി. അനുബന്ധത്തിൽ പരാമർശിക്കുന്ന സ്ഥാപനങ്ങളെക്കുറിച്ചും അവയുടെ ലൈസൻസ് ,തൊഴിൽ നികുതി ഒടുക്കുന്നതിന്റെ രേഖകൾ എന്നിവ സംബന്ധിച്ചും വ്യക്തമായ അന്വേഷണം നടത്തി ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നവർക്കെതിരെ നടപടി സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. കൂടാതെ ലൈസൻസ് കൂടാതെ പ്രവർത്തിക്കാവുന്ന സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ചോർച്ച തടയുന്നതിന് ഇത്തരം സ്ഥാപനങ്ങളുടെ പ്രത്യേക പട്ടിക തയ്യാറാക്കി നികുതി കുടിശ്ശിക സഹിതം ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ഭരണ സമിതിയുടെ ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

## 2-6 പരസ്യ നികുതി -നടപടികളിൽ പുരോഗതിയില്ല-നികുതി നഷ്ടപ്പെടുന്നു.

1995 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ്- 209 പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രദർശ്ശിപ്പിക്കപ്പെടുന്ന പരസ്യങ്ങളിൻമേൽ പഞ്ചായത്തിന് നികുതി ചുമത്താവുന്നതാണ്. പരസ്യനികുതി ചുമത്തുന്നതിന് 30/11/2013 ലെ തീരുമാനം നം-10 പ്രകാരം പഞ്ചായത്ത് തീരുമാനമെടുക്കുകയും ബൈലോ തയ്യാറാക്കി പഞ്ചായത്ത് ഡയറക്ടർക്ക് സമർപ്പിക്കുകയും ചെയ്തു .തുടർന്ന് 8/4/2015 ലെ ഉത്തരവ് നം-11664/14 ആയി അംഗീകാരം ലഭിച്ച ബൈലോ അടിസ്ഥാനമാക്കി നികുതി പിരിവ് ആരംഭിക്കുന്നതിനോ നികുതി പിരിവിനുള്ള അവകാശം കുത്തകക്കാരന് ലേലം ചെയ്യുന്നതിനോ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. 2015-16 വർഷം ഈ ഇനത്തിൽ ലഭിക്കേണ്ടിയിരുന്ന നികുതി വരവ് പൂർണ്ണമായും നഷ്ടപ്പെട്ടതിന് പുറമെ 2016-17 വർഷവും നികുതി പിരിവ് നടത്തുന്നതിനുള്ള ശ്രമങ്ങളുണ്ടായിട്ടില്ല. നഗര സ്വഭാവമുള്ളതും കൊല്ലം-തേനി ദേശീയ പാത കടന്ന് പോകുന്ന പഞ്ചയത്ത് പ്രദേശത്ത് നിരവധി ഹോർഡിംഗുകളും പരസ്യപലകകളും സ്ഥാപിച്ച് പരസ്യം പ്രദർശിപ്പിച്ചിട്ടുണ്ട്. എന്നാൽ അംഗീകാരം ലഭിച്ച ബൈലോ ഉണ്ടായിരുന്നിട്ടും പരസ്യനികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കാതിരുന്നത് ഗുരുതരമായ വീഴ്ചയാണ്. ഈ വിഷയത്തിൽ നടപടി സ്വീകരിച്ച് ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 2-7 വാടക-സെക്യൂരിറ്റി നിക്ഷേപം -വേറിട്ട് സൂക്ഷിക്കുന്നില്ല.

ഗ്രാമ പഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ലക്സിലെ മുറികളുടെ കുത്തകക്കാരിൽ നിന്നും ലേല വ്യവസ്ഥ 8 പ്രകാരം 6 മാസത്തെ വാടകയ്ക്ക് തുല്യമായ തുക സെക്യൂരിറ്റി നിക്ഷേപമായി ഈടാക്കേണ്ടതുണ്ട്. എന്നാൽ സെക്യൂരിറ്റി നിക്ഷേപമായി ഈടാക്കിയ തുകയുടെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത് വ്യക്തമായ വിധമല്ല. മാത്രമല്ല ഓരോ വർഷവും കുത്തകക്കാരുമായി ഏർപ്പെടുന്ന കരാറിൽ ഇത് സംബന്ധമായ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുമില്ല. സെക്യൂരിറ്റി നിക്ഷേപമായി ഈടാക്കിയ തുകയുടെ വിവരം രസീത് നമ്പർ/തീയതി സഹിതം രജിസ്റ്ററിൽ രേഖപ്പെടുത്തി ഓഡിറ്റിൽ ഹാജരാക്കാൻ 17-12-16 ലെ 5-ാം നമ്പർ ഓഡിറ്റ് എൻക്വയറിയിലൂടെ നിർദ്ദേശം നൽകിയതിനെ തുടർന്ന് 52264/-രൂപ സെക്യൂരിറ്റി നിക്ഷേപമായി നിലനിൽക്കുന്നതായി അറിയിച്ചിട്ടുണ്ട്. എന്നാൽ ഇക്കാര്യം ഡെപ്പോസിറ്റ് രജിസ്റ്ററിലോ വാർഷിക ധനകാര്യപത്രികയിലോ സൂചിപ്പിച്ചിട്ടില്ല. വാർഷിക ധനകാര്യ പത്രിക പ്രകാരം 22728/-രൂപ മാത്രമാണ് ടിയിനത്തിലുള്ള ബാധ്യത,(31-3-16 പ്രകാരം)

മേൽസൂചിപ്പിച്ച വിവരങ്ങൾക്ക് പുറമെ ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകളുടേയും മറ്റ് കെട്ടിടങ്ങളുടേയും വിവരം, ഓരോ കെട്ടിടത്തിലേയും ആകെ മുറികളുടെ എണ്ണം ,വാടകയ്ക്ക് നൽകിയിട്ടുള്ള മുറികളുടെ എണ്ണം ,വാടക രഹിതമായി ഓഫീസുകളും മറ്റും പ്രവർത്തിക്കുന്ന മുറികളുടെ വിവരം തുടങ്ങിയവ ലഭ്യമാക്കാൻ ആവശ്യപ്പെട്ടിരുന്നു.ഇതിന്മേൽ ലഭ്യമാക്കിയ മറുപടി പരിശോധിച്ചതിൽ ഷോപ്പിംഗ് കോംപ്ലക്സ്/ഓഫീസ് കെട്ടിടത്തിലെ ആകെ 23 മുറികളിൽ 16 എണ്ണവും വാടകരഹിതമായി ഓഫീസുകളും മറ്റും പ്രവർത്തിക്കുന്നതിനായി നൽകിയിട്ടുള്ളതായി കാണുന്നു. ഇത് കൂടാതെ മറ്റ് പ്രദേശങ്ങളിൽ സാംസ്കാരിക നിലയങ്ങൾ എന്ന രീതിയിൽ നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങളും വേണ്ടത്ര പ്രയോജനപ്പെടുന്നില്ല. പഞ്ചായത്തിന്റെ ആസ്തികളിൽ നിന്നുള്ള വരുമാന വർദ്ധനവിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-8 ഗ്രാമപഞ്ചായത്തിന്റെ മിച്ചഫണ്ട് നിക്ഷേപിക്കൽ -ആദായകരമായ നിക്ഷേപ രീതി സ്വീകരിക്കാത്തത് മൂലം നഷ്ടം

താരതമ്യേന വരുമാനസ്രോതസ്സ് കൂടിയ ഒരു ഗ്രാമപഞ്ചായത്ത് എന്ന നിലയിൽ തനത്ഫണ്ട് സൂക്ഷിക്കുന്നതിനുള്ള എസ്.ബി.അക്കൗണ്ടിൽ 'മിച്ചഫണ്ട് 'എന്ന് വിവക്ഷിക്കാവുന്ന തുക എസ്.ബി.അക്കൗണ്ടിന് ബാധകമായ കുറഞ്ഞപലിശ നിരക്കിൽ വർഷങ്ങളോളം നിക്ഷേപിക്കപ്പെട്ടിരുന്നു. 2015-16 വർഷത്തെ ഓഡിറ്റിനോടനുബന്ധിച്ച് നടത്തിയ കാലികമായ പണമിടപാടുകളുടെ പരിശോധനയിൽ 1-4-16 മുതൽ 2-6-16വരെയുള്ള കാലയളവിൽ മാങ്ങാനം സർവ്വീസ് സഹകരണ ബാങ്കിലുള്ള അക്കൗണ്ടിൽ (SB1643) ശരാശരി 4.66 കോടി രൂപ പ്രതിദിന ബാലൻസായി അവശേഷിച്ചിരുന്നതായി കാണുന്നു. 2-6-16 ൽ ഇതിൽ നിന്നും 2.5കോടി രൂപ പിൻവലിച്ച് ഇതേ ബാങ്കിൽ 8.5% വാർഷിക പലിശ നിരക്കിൽ 6 മാസത്തേക്ക് സ്ഥിരനിക്ഷേപമാക്കിയിട്ടുണ്ട്. ഇതിന് ശേഷവും ശരാശരി 2.44 കോടി രൂപ എസ്.ബി അക്കൗണ്ടിൽ പ്രതിദിന ബാലൻസായി അവശേഷിക്കുകയാണ്. പ്രസ്തുത തുക ഗ്രാമപഞ്ചായത്തിന്റെ അനിവാര്യചെലവുകളും തനത്ഫണ്ട് വിഹിതം വകയിരുത്തിയ പദ്ധതിചെലവുകളും നിർവ്വഹിക്കുന്നതിന് പര്യാപ്തമാണ്. ആയതിനാൽ സ്ഥിരനിക്ഷേപം 6 മാസക്കാലയളവിന് പകരം ഒരു വർഷക്കാലയളവിൽ നടത്തി ബാങ്ക് ഓഫർ ചെയ്ത 9.25% എന്ന കൂടിയ പലിശ വരുമാനം ആർജ്ജിക്കാനും സാധിക്കുമായിരുന്നു. ഇപ്രകാരം ആദായകരമായ രീതിയിൽ സ്ഥിരനിക്ഷേപം നടത്താത്തത് മൂലം ഗ്രാമപഞ്ചായത്തിന് 2.5കോടി രൂപയുടെ 0.75% വാർഷിക നിരക്കിലുള്ള പലിശ നഷ്ടമായിട്ടുണ്ട്. ആകെ നഷ്ടമായ തുക 1,87,500/-രൂപയാണ്(സാധാരണ പലിശ നിരക്കിൽ). പ്രസ്തുത തുക വ്യക്തമായ നഷ്ടമായി പരിഗണിക്കാതിരിക്കാൻ കാരണമുണ്ടെങ്കിൽ ഓഡിറ്റിൽ രേഖാമൂലം അറിയിക്കണമെന്ന് ഓഡിറ്റ് എൻക്വയറിയിലൂടെ (നം 4/17.12.16)ആവശ്യപ്പെട്ടിരുന്നു. കൂടാതെ സ്ഥിരനിക്ഷേപം നടത്താൻ 2മാസത്തെ കാലതാമസമുണ്ടായതിനാൽ 2.5 കോടി രൂപയുടെ 9.5% നിരക്കിലുള്ള സാധാരണപലിശ നിരക്കിലുള്ള വരുമാനനഷ്ടം ഏകദേശം 3.95 ലക്ഷം രൂപയാണ് എന്നതും വിശദീകരണത്തിനായി ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ഈ വിഷയത്തിൽ ലഭ്യമാക്കിയ മറുപടിയിൽ തനത് ഫണ്ട് അക്കൗണ്ടിൽ അവശേഷിച്ചിരുന്ന തുക സ്ഥലം വാങ്ങൽ ഉൾപ്പടെയുള്ള ചില പ്രോജക്ടുകൾക്കായി ആവശ്യം വന്നേക്കാം എന്ന സാഹചര്യം നിലനിന്നിരുന്നതിനാലാണ് നിക്ഷേപ കാലാവധി 6 മാസമായി നിശ്ചയിച്ചതെന്നും എങ്കിലും തുക യഥാർത്ഥത്തിൽ ചെലവഴിക്കേണ്ടി വന്നിട്ടില്ലാത്തതിനാൽ വിഷയം പ്രത്യേക അജണ്ടയായി കമ്മറ്റിയിൽ ചർച്ച ചെയ്ത് ഉചിതമായ തീരുമാനം കൈക്കൊള്ളുമെന്നും അറിയിച്ചിട്ടുണ്ട്. പൊതുജനങ്ങളിൽ അധിക നികുതി ഭാരം ഏൽപ്പിക്കാതെ സ്വരൂപിക്കാവുന്ന ഇത്തരം വരുമാനം വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത ഓഡിറ്റ് സമാപന യോഗത്തിൽ പ്രാധാന്യത്തോടെ അവതരിപ്പിക്കുകയും ചർച്ചയ്ക്ക് വിധേയമാക്കുകയും ചെയ്തിട്ടുണ്ട്. ഈ വിഷയത്തിന്മേൽ ഫലപ്രദമായ തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ വിവരം

അറിയിക്കേണ്ടതാണ്.

## 2-9 പ്ലാസ്റ്റിക്ക് വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ-നടപടികൾ സ്വീകരിക്കേണ്ടതാണ്

കേന്ദ്ര സർക്കാരിന്റെ 2016 ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ പ്രകാരം സ്വീകരിക്കേണ്ട നടപടികളും പ്ലാസ്റ്റിക്ക് ക്യാരി ബാഗുകളുടെ ഉപയോഗം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങളും തദ്ദേശ സ്വയം ഭരണ വകുപ്പ് 24/9/2016 ലെ 576/ഡി.സി1/16 നമ്പർ സർക്കുലർ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കുലർ നിർദ്ദേശങ്ങൾക്കനുസൃതമായി നടപടികൾ സ്വീകരിച്ച് സുസ്ഥിരമാലിന്യ പരിപാലനനടപടികൾ ശക്തിപ്പെടുത്തേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ദിവസ വേതനാടിസ്ഥാനത്തിൽ ഡേറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ നിയമനം -ക്രമ വിരുദ്ധം

ഗ്രാമപഞ്ചായത്തിൽ രണ്ട് ജീവനക്കാരെ ഡേറ്റാ എൻട്രി ഓപ്പറേറ്റർ എന്ന തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ളതായി കാണുന്നു. 400 രൂപ ദിവസ വേതനാടിസ്ഥാനത്തിൽ 2015-16 വർഷം മുഴുവനും ടി ജീവനക്കാർക്ക് വേതനവും നൽകിയിട്ടുണ്ട്. അറ്റൻഡൻസ് രജിസ്റ്റർ പരിശോധിച്ചതിൽ പ്രസ്തുത കാലയളവിൽ ഈ ഓഫീസിൽ ക്ലറിക്കൽ ജീവനക്കാരാരും അവധിയിൽ പ്രവേശിച്ചിട്ടുള്ളതായി കാണുന്നില്ല. മാത്രമല്ല ഈ കാലയളവിൽ ഓഫീസിൽ ടെക്നിക്കൽ അസിസ്റ്റന്റിന്റെ സേവനവും ഉണ്ടായിരുന്നു. തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പിന്റെ 02.03.2009 ലെ 79865/ഇ.പി.എ1/08/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം ഗ്രാമപഞ്ചായത്തിലെ ജോലിഭാരം ലഘൂകരിക്കുന്നതിനായി താൽക്കാലിക വേതനത്തിൽ ഒരാൾക്ക് പരമാവധി 100 പ്രവൃത്തി ദിവസങ്ങൾ ജോലി നൽകാവുന്നതാണെന്ന് പറഞ്ഞിട്ടുണ്ട്. സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെ ആധാർ-ബാങ്ക് അക്കൗണ്ട് ലിങ്കേജിനായി മറ്റൊരു ഡേറ്റാ എൻട്രി ഓപ്പറേറ്ററെ 07/15,08/15,09/15 മാസങ്ങളിൽ നിയമിച്ചിട്ടുമുണ്ട്. അനുവദിക്കപ്പെട്ട തസ്തികകൾക്ക് പുറമേ ഇത്തരത്തിൽ ദിവസവേതന അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുന്നത് ക്രമവിരുദ്ധമാണ്. അനുവദിക്കപ്പെട്ട തസ്തികകളിലേക്കോ അതിനു പുറമെയോ താൽക്കാലിക നിയമനം നടത്തുമ്പോൾ അവ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയാകണമെന്ന ഉത്തരവ് പാലിക്കാതെ രണ്ട് പേരെ ദിവസവേതനാടിസ്ഥാനത്തിൽ വിവിധ തസ്തികകളിൽ നിയമിക്കുന്നത് നിലവിലുള്ള സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. മേൽ വിഷയത്തിലേക്ക് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-2 ഫ്രണ്ട് ഓഫീസ് ടച്ച് സ്ക്രീൻ പ്രവർത്തനരഹിതം

പഞ്ചായത്തുമായി ബന്ധപ്പെടുന്ന സേവനങ്ങൾ ലഭിക്കുന്നതിന് പൊതുജനങ്ങൾ നൽകുന്ന അപേക്ഷകളുടെ വിവരങ്ങൾ ഉദ്യോഗസ്ഥന്റെ സഹായം കൂടാതെ തന്നെ അറിയുന്നതിനുള്ള സംവിധാനമായ ടച്ച് സ്ക്രീൻ കമ്പ്യൂട്ടർ ഫ്രണ്ട് ഓഫീസിൽ സജ്ജീകരിച്ചിട്ടുണ്ടെങ്കിലും ടി ഉപകരണം പ്രവർത്തനരഹിതമാണെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു. ഇ-ഗവേണൻസിന്റെ ഭാഗമായി സ്ഥാപിക്കപ്പെട്ടിട്ടുള്ള ടി ഉപകരണത്തിന്റെ തകരാറുകൾ അടിയന്തിരമായി പരിഹരിച്ച് പ്രവർത്തന സജ്ജമാക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 3-3 വെള്ളക്കരം-സംയുക്തപരിശോധന നടത്തിയിട്ടില്ല

2015-16 വർഷം പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ പ്രതിമാസം 90563/-രൂപ വീതം ആകെ 10,86,756/-രൂപ അടവാക്കിയിട്ടുണ്ട്. വാട്ടർ അതോറിറ്റിയുടെ നോട്ടീസിൽ 207 പൈപ്പുകൾക്ക് പ്രതിവർഷം പൈപ്പൊന്നിന് 5250/-രൂപ നിരക്കിൽ വെള്ളക്കരം നൽകേണ്ടതായി അറിയിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത നോട്ടീസ് പ്രകാരമുള്ള 207 എണ്ണത്തിൽ പ്രവർത്തിക്കുന്ന ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിന് വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തിയിട്ടില്ലാത്തതിനാൽ എണ്ണം സംബന്ധിച്ച് വ്യക്തതയില്ല. പ്രവർത്തന ക്ഷമമല്ലാത്തവയുടെ വെള്ളക്കരം ഒടുക്കുന്നത് മൂലം പഞ്ചായത്തിൻെറ തനതു ഫണ്ടിൽനിന്നുള്ള ആവർത്തന നഷ്ടം ഉണ്ടാവുന്നു. വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തി പ്രവർത്തന ക്ഷമമായ ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിനും ആയതിന്റെ അടിസ്ഥാനത്തിൽ വാട്ടർ ചാർജ്ജ് പുതുക്കി നിശ്ചയിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 വൈദ്യുതി ചാർജ്-വൈദ്യുതി വിളക്കുകളുടെ ഇനം തിരിച്ചുള്ള വിവരം പഞ്ചായത്തിന്റെ പക്കലില്ല.

വിജയപുരം ഗ്രാമപഞ്ചായത്തിലെ സ്ട്രീറ്റ് ലൈറ്റുകളുടെ 02/16 ലെ വൈദ്യുതി ചാർജ് 1,18,001 രൂപയാണ്.(മാർച്ചിൽ ഒടുക്കിയത്) കെ.എസ്സ്.ഇ.ബിയിൽ നിന്നും ടി തുക ഈടാക്കുന്നതിന് അടിസ്ഥാനമാക്കുന്ന വൈദ്യുതി വിളക്കുകളുടെ തരം തിരിച്ചുള്ള കണക്ക് (സാധാരണ ബൾബ്, ഫ്ലൂറസെന്റ് ട്യൂബ്., സി.എഫ്.എൽ., എൽ.ഇ.ഡി, സോഡിയം വേപ്പർ ലാമ്പ് മുതലായവ) പഞ്ചായത്തിന്റെ പക്കൽ ലഭ്യമായിരുന്നില്ല. പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി തെരുവ് വിളക്കുകൾ, സി.എഫ്.എൽ, എൽ.ഇ.ഡി എന്നിവയിലേക്ക് മാറിയെങ്കിലും കെ.എസ്സ്.ഇ.ബി യും അപ്രകാരമുള്ള കണക്കുകൾ അടിസ്ഥാനമാക്കിയാണോ ബിൽ ചെയ്യുന്നത് എന്ന് വ്യക്തമല്ല. ആയതിനാൽ തെരുവ് വിളക്കുകളുടെ ഇനം, വാട്ട് എന്നിവ തിരിച്ചുള്ള കണക്കുകൾ കെ.എസ്സ്.ഇ .ബിയിൽ നിന്നും വാങ്ങി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. മീറ്ററിംഗ് സമ്പ്രദായം നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികളും അറിയിക്കേണ്ടതാണ്.

## 3-5 അംഗനവാടികൾക്ക് കളിയുപകരണങ്ങൾ ,വാട്ടർ ടാങ്ക് നിർമ്മാണം-അപാകതകൾ .

പ്രൊജക്റ്റ് നം എസ്.ഒ 175/16
അടങ്കൽ-522800/-

അംഗനവാടികൾക്ക് കളിയുപകരണങ്ങൾ,വാട്ടർ ടാങ്ക് നിർമ്മാണം എന്ന പദ്ധതിക്ക് 10.12.15 ലെ ടെണ്ടർ അനുസരിച്ച് ക്വട്ടേഷൻ സമർപ്പിച്ചത് ഡെൽറ്റ സിസ്റ്റംസ് ഉഴവൂർ,സിഡ്കോ തിരുവനന്തപുരം,കാർമ്മൽ ഹൈഡ്രോടെക് എന്നീ സ്ഥാപനങ്ങളാണ്.ഇതിൽ കാർമ്മൽ ഹൈഡ്രോടെക് എന്ന സ്ഥാപനത്തെ ഗവൺമെന്റ് അംഗീകാരം തെളിയിക്കുന്ന രേഖകൾ ലഭ്യമല്ലാത്തതിനാലും സിഡ്കോയെ ഇ.എം.ഡി സമർപ്പിച്ചിട്ടില്ലാത്തതിനാലും പഞ്ചായത്തു കമ്മറ്റിയുടെ 24.12.15 ലെ 7- നമ്പർ തീരുമാന പ്രകാരം ഒഴിവാക്കി. ഡെൽറ്റ സിസ്റ്റംസ് ഉഴവൂർ എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷനാണ് അംഗീകരിച്ചിട്ടുള്ളത്. ടി സ്ഥാപനം 361542 രൂപയും സിഡ്കോ 358100 രൂപയുമാണ് ക്വോട്ട് ചെയ്തിരുന്നത്. 3442 രൂപ അധികമായി നൽകി ഡെൽറ്റ സിസ്റ്റംസ് എന്ന സ്ഥാപനത്തിന് ക്വട്ടേഷൻ നൽകിയതിന്റെ കാരണം വ്യക്തമല്ല. കേരള സ്റ്റോർ പർച്ചേഴ്സ് മാനവൽ ഖണ്ഡിക 8.6-8.11 അനുസരിച്ച് സിഡ്കോയെ ഇ.എം.ഡി ഒടുക്കുന്നതിൽ നിന്നും

ഒഴിവാക്കിയിട്ടുണ്ട്.ആയതിനാൽ സിഡ്കോ സമർപ്പിച്ച ടെണ്ടർ നിരസിക്കുവാനുണ്ടായ കാരണം വ്യക്തമാക്കേണ്ടതാണ്.മേരിഗോ റൗണ്ട്,വേവ് സ്ലൈഡർ, ഊഞ്ഞാൽ,ടാപ്പോട്ടുകൂടിയ വാട്ടർ ടാങ്ക് എന്നിവ അംഗനവാടികളിൽ സ്ഥാപിക്കുക എന്നതായിരുന്ന പദ്ധതി.എന്നാൽ 51-നമ്പർ കൊല്ലകൊമ്പ് അംഗനവാടിയിൽ ഭൗതീക പരിശോധന നടത്തിയപ്പോൾ മേരിഗോ റൗണ്ട്, വേവ് സ്ലൈഡർ എന്നിവ സ്ഥലപരിമിധി നിമിത്തം ഉപയോഗ ശൂന്യമായിട്ടാണ് സൂക്ഷിച്ചിരിക്കുന്നതെന്ന് വ്യക്തമായിട്ടുണ്ട്.വാട്ടർ കണക്ഷൻ ലഭിക്കാത്തതിനാൽ വാട്ടർ ടാങ്കും നിലവിൽ ഉപയോഗ ശൂന്യമാണ്. ഇത്തരം അംഗനവാടികളിൽ വേണ്ടത്ര പരിശോധന നടത്താതെ പ്രൊജക്ട് നടപ്പിലാക്കിയതിനാൽ പദ്ധതിയുടെ ലക്ഷ്യം കൈവരിച്ചുവോയെന്ന് വ്യക്തമല്ല.

## 3-6 മെഡിക്കൽ ഓഫീസർ പി.എച്ച്.സി നടപ്പിലാക്കിയ വിവിധ പദ്ധതികൾ- അപാകതകൾ

പ്രൊജക്ട് നം,എസ്.ഒ 43/2016 .പി.എച്ച്.സി ക്ക് മരുന്ന വാങ്ങൽ.

ടി.പദ്ധതിയുടെ ആകെ അടങ്കൽ 100000 രൂപയായിരുന്നു.ഇതിൽ 51500 രൂപയുടെ മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നുമാണ് വാങ്ങിയിട്ടുള്ളത്.എന്നാൽ 48500 രൂപയുടെ മരുന്നുകൾ ജെമിനി ഫാർമ വാകത്താനം എന്ന സ്ഥാപനത്തിൽ നിന്നുമാണ് വാങ്ങിയിട്ടുള്ളത്.കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന്റെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല ആയതിനാൽ ജെമിനി ഫാർമ എന്ന സ്ഥാപനത്തിൽ നിന്ന് മരുന്നുകൾ വാങ്ങിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.ഇതു സംബന്ധിച്ച് നൽകിയ 15/21.12.16 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ മാർഗരേഖക്ക് വിധേയമായി മരുന്നുകൾ വാങ്ങുന്നതിന് ശ്രദ്ധി ക്കേണ്ടതാണ്

## 3-7 ജവഹർലാൽ നെഹ്റുജയന്തി ഭവനനിർമ്മാണപദ്ധതി- പൂർത്തീകരിച്ചില്ല

2015-16 സാമ്പത്തിക വർഷം വി.ഇ.ഒ നടപ്പിലാക്കിയ പ്രസ്തുത പദ്ധതിയിൽ ഒരുഗുണഭോക്താവിന് 200000 രൂപ നിരക്കിൽ 19 ഗുണഭോക്താക്കൾക്ക് ഭവനം നിർമ്മിച്ച് നല്കുകയായിരുന്ന ലക്ഷ്യം. ഇതിൽ 12 ഗുണഭോക്താക്കൾ വീട്പണി പൂർത്തീകരിച്ചു. 5 ഗുണഭോക്താക്കൾ വിവിധഘട്ടങ്ങളിലായി താഴെ കൊടുത്തിട്ടുള്ളതിൻ പ്രകാരം തുക കൈപ്പറ്റിയിട്ടുണ്ടെങ്കിലും ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേരും മേൽ വിലാസവും | കൈപ്പറ്റിയ തുക | ഇനി ലഭിയ്ക്കേണ്ട തുക |
|---|---|---|---|
| 1 | അശ്വതി മോഹനൻ<br>തെക്കേകളത്തൂർ<br>വടവാതൂർ | 180000 | 20000 |
| 2 | ലിസ്സി രാജു<br>ചാലാക്കുഴി<br>പാറാമ്പുഴ | 180000 | 20000 |
| 3 | ലിജിത | 180000 | 20000 |

| | | | |
|---|---|---|---|
| | പുത്തൻവീട്ടിൽ<br><br>മാങ്ങാനം | | |
| 4 | ലീലാമ്മ ജോസഫ്<br><br>ചെമ്പകശ്ശേരിൽ | 180000 | 20000 |
| 5 | സരോജനിയമ്മ,<br><br>ചായില്ലത്ത്<br>പുല്ലപ്പള്ളിൽ | 180000 | 20000 |
| | | ആകെ | 100000 രൂപ |

മേല്പറഞ്ഞ ഗുണഭോക്താക്കളുടെ വീടുപണി പൂർത്തീകരിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-8 എസ്.സി കോളനികളിൽ മാലിന്യസംസ്കരണയൂണിറ്റ്- സർക്കാർ അനുമതിയില്ലാതെ പ്രവൃത്തി ആരംഭിച്ചത്-2,96,274/-രൂപയുടെ പാഴ്ച്ചെലവ്

192/16 നമ്പരായി തയ്യാറാക്കിയ എസ്.സി കോളനികളിൽ മാലിന്യസംസ്കരണയൂണിറ്റ് സ്ഥാപിക്കുന്നതിനായുള്ള പ്രാരംഭ പ്രവർത്തികൾ (പ്ലാന്റിന്റെ ബേസ് മെന്റ്) സംസ്ഥാനശുചിത്വ മിഷനിൽ നിന്നുള്ള അനുമതി ലഭിക്കുന്നതിന് മുൻപായി ഏറ്റെടുത്തതായി കാണുന്നു. ബേസ് മെന്റ് നിർമ്മാണത്തിന് വേണ്ടി മാത്രമായി തയ്യാറാക്കിയ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ടെങ്കിലും പ്ലാന്റ് നിർമ്മാണം /തുടർ നടത്തിപ്പ് എന്നിവ സംബന്ധിച്ച് വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുകയോ സംസ്ഥാനശുചിത്വമിഷന്റെ അംഗീകാരം തേടുകയോ ചെയ്തിരുന്നില്ല. 29/16 നമ്പരായി അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി മാലിന്യ സംസ്കരണയൂണിറ്റ് സ്ഥാപിക്കലിനായി പ്രത്യേക പ്രോജക്റ്റ് തയ്യാറാക്കിയിരുന്നു. സാങ്കേതികാനുമതി നൽകിയ ഉദ്യോഗസ്ഥൻ പ്ലാന്റ് നിർമ്മാണം പരിഗണിക്കാതെ ബേസ് മെന്റ് നിർമ്മാണം മാത്രമായി പ്രോജക്റ്റിന്റെ ഫീസിബിളിറ്റി സാക്ഷ്യപ്പെടുത്തുകയും പ്രാരംഭപ്രവർത്തികൾക്ക് മാത്രമായി അനുമതി നൽകുകയും ചെയ്തു. പ്രാരംഭപ്രവർത്തികൾക്ക് വേണ്ടി 2,96,274/-രൂപ ചെലവഴിച്ചിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| അടങ്കൽ | 65,300(SCP വിഹിതം)<br><br>1,08,000(CFC )<br><br>1,26,700/-(തനത് ഫണ്ട്)<br><br>---------------<br><br>3,00,000 |
| ചെലവ് | 65,300(SCP വിഹിതം) DD60024/30-3-16<br><br>1,08,000(CFC ) DD60649/4-4-16 |

| | |
|---|---|
| | 1,22,974/-(തനത് ഫണ്ട്) DD60737/5-4-16<br>---------------<br>2,96,274 |
| കരാറുകാരൻ | പി.കെ.വിജയൻ |
| എംബുക്ക് നം | 71/15-16 |
| കരാർ നം | 71/AE/15-16 dtd 1-03-16 |

മാലിന്യസംസ്കരണ പ്ലാന്റിന് സാങ്കേതികാനുമതി നിഷേധിച്ചുകൊണ്ടുള്ള സംസ്ഥാനശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ കത്തിൽ (25-2-16ലെ നം3443/സി6 /2012/എസ്.എം) പ്ലാന്റിന് താപം നിലനിർത്തുന്നതിനുള്ള സംവിധാനം, 30m ഉയരമുള്ള ചിമ്മിനി എന്നീ അവശ്യം വേണ്ട സംവിധാനങ്ങൾ ഇല്ലായെന്നും തൻമൂലം ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ ഉളവാക്കുന്നതാണെന്നും അജൈവമാലിന്യം തരംതിരിച്ച് പുന:ചംക്രമണത്തിന് ഉപയോഗിക്കുന്നതിനായി മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി (MRF) ഉപയോഗിക്കാവുന്നതാണെന്നും അറിയിച്ചിരുന്നു. കൂടാതെ 2-12-15ലെ സർക്കാർ സർക്കുലർ 71875/ഡിസി1/14തസ്വഭവ പ്രകാരം ശുചിത്വമിഷൻ/മലിനീകരണ നിയന്ത്രണ ബോർഡ് എന്നിവയുടെ പരിശോധനയ്ക്കും ശുപാർശയ്ക്കും ശേഷം സർക്കാരിൽ നിന്ന് മുൻകൂർ അംഗീകാരം വാങ്ങിയ ശേഷവും മാത്രമേ ഇത്തരത്തിലുള്ള പ്ലാന്റ് സ്ഥാപിക്കുന്നതിന് നടപടി എടുക്കാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. അനുമതി ലഭിക്കാതിരുന്നിട്ടും ശ്രീ. പി.കെ.വിജയൻ, എന്ന കരാറുകാരനുമായി 1-3-16 ന് കരാർ വയ്ക്കുകയും 18-3-16 ന് പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിരുന്നു.

ശുചിത്വമിഷന്റെയോ സർക്കാരിന്റെയോ മുൻകൂർ അനുമതി ലഭ്യമാക്കാതെ പ്ലാന്റിന് ബേസ് മെന്റ് സ്ഥാപിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കുകയും ശുചിത്വമിഷന്റെ സാങ്കേതികാനുമതി ലഭിക്കാതിരുന്നിട്ടും കരാറുകാരനുമായി കരാറിലേർപ്പെടുകയും പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്ത നടപടി അംഗീകരിക്കാവുന്നതല്ല. പ്രസ്തുത വിഷയത്തിൽ നൽകിയ 3/16.12.16 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ബേസ് മെന്റ് നിർമ്മാണത്തിന്റെ നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയ മറുപടിയിൽ 24-2-16 ൽ ചേർന്ന പഞ്ചായത്ത് കമ്മറ്റി ടി പ്രവർത്തിക്ക് അംഗീകാരം നൽകുകയും 27-2-16ൽ അനന്തരനടപടികൾക്കായി ശുപാർശ ചെയ്ത് അസിസ്റ്റന്റ് എഞ്ചിനീയർക്ക് കത്ത് നൽകുകയും ചെയ്തിരുന്നതായും ശുചിത്വമിഷന്റെ നിരാകരണപത്രം ലഭിച്ച വിവരം അറിയിക്കുകയോ പ്രവർത്തി നിർത്തിവയ്ക്കുവാൻ ആവശ്യപ്പെടുകയോ നാളിതുവരെ ചെയ്തിട്ടില്ലായെന്നും അറിയിച്ചു. മാലിന്യസംസ്കരണ പ്ലാന്റ് എന്നത് പൂർണ്ണരീതിയിൽ എസ്റ്റിമേറ്റ് തയ്യാറാക്കാതെ ബേസ് മെന്റ് മാത്രമായി പ്രോജക്റ്റ് തയ്യാറാക്കിയതുമൂലമാണ് ശുചിത്വമിഷന്റെ അംഗീകാരം ലഭ്യമാകാതിരുന്നിട്ടും ടി പ്രോജക്റ്റ് തുടർന്നത്. ഈ രീതിയിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയത് ശരിയായ നടപടിയല്ല. നിലവിൽ ശുചിത്വമിഷന്റെ അംഗീകാരം ലഭിച്ചിട്ടില്ലാത്തതിനാൽ ബേസ് മെന്റിന് വേണ്ടി ചെലവഴിച്ച തുക നിലവിൽ പാഴ് ചെലവായിരിക്കുകയാണ്. ബേസ് മെന്റിന് വേണ്ടി ചെലവഴിച്ച തുകയായ 2,96,274/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. സർക്കാരിന്റെ മുൻകൂർ അനുമതി ലഭ്യമാക്കി ശുചിത്വമിഷൻ നിഷ്കർഷിച്ചിട്ടുള്ള

സംവിധാനങ്ങളുള്ള മാലിന്യസംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനായി സാങ്കേതികാനുമതി ലഭ്യമാക്കേണ്ടതുമാണ്. പ്ലാന്റിന് അനുമതി ലഭ്യമാകാത്തപക്ഷം പ്രാരംഭപ്രവൃത്തികൾക്കായി ചെലവഴിച്ച തുക നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ, ബേസ് മെന്റിന് മാത്രമായി സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, നിരാകരണപത്രം നിർവ്വഹണോദ്യോഗസ്ഥനെ അറിയിക്കുന്നതിൽ അലംഭാവം കാട്ടിയ സെക്രട്ടറി , ഭരണാനുമതി നൽകിയ ഗ്രാമപഞ്ചായത്ത് കമ്മറ്റി അംഗങ്ങൾ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കി ബന്ധപ്പെട്ട ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 3-9 മള്ളിയൂർ റോഡ് പുനരുദ്ധാരണം- സബ് ബേസ് മെറ്റലിങ്ങ് മാത്രമായി പ്രോജക്റ്റ് തയ്യാറാക്കി

| | |
|---|---|
| അടങ്കൽ | 1,00,000(തനത് ഫണ്ട് ) |
| ചെലവ് | 98,525(തനത് ഫണ്ട് )<br>DD no 59272/22-3-16 |
| കൺവീനർ | ജോമോൻ എബ്രഹാം |
| എംബുക്ക് നം | 28/15-16 |
| കരാർ നം | 28/AE/15-16 dtd 10-09-15 |

നം 96/16-മള്ളിയിൽ റോഡ് പുനരുദ്ധാരണം പ്രോജക്റ്റ് പ്രകാരം ടാറിങ്ങ് പ്രവൃത്തി പൂർത്തീകരിക്കുന്നതിന് പകരം സബ് ബേസ് മെറ്റലിങ്ങ് പൂർത്തീകരിച്ച് പ്രവൃത്തി അവസാനിപ്പിച്ചിട്ടുണ്ട്. മെറ്റലിങ്ങിന് ശേഷം ഗതാഗതത്തിന് തുറന്നുകൊടുക്കുന്നത് മൂലം മെറ്റൽ ഇളകിത്തെറിച്ച് യാത്ര കൂടുതൽ ദുഷ്കരമാവുന്ന അവസ്ഥയുണ്ടാവുന്നു. WBM സർഫസ് കോഴ്സ് ആയി കണക്കാക്കി പ്രവൃത്തി ചെയ്യുന്ന സാഹചര്യത്തിൽ സബ് ബേസ് മെറ്റലിങ്ങിന് ആവശ്യമായ ബൈന്റിങ്ങ് മെറ്റീരിയൽ കൂടുതൽ അളവിൽ (0.13 cum/10m2)ആവശ്യമായും വരുന്നു.എന്നാൽ പ്രസ്തുത പ്രോജക്റ്റിന്റെ എസ്റ്റിമേറ്റിലും എംബുക്കിലും 0.09 cum/10m2 അളവിൽ മാത്രമാണ് ബൈന്റിങ്ങ് മെറ്റീരിയൽ ഉപയോഗിച്ചിട്ടുള്ളത്. ആവശ്യത്തിന് ബൈന്റിങ്ങ് മെറ്റീരിയൽ ഉപയോഗിക്കാത്തത് മെറ്റൽ വേഗം ഇളകിത്തെറിക്കുന്നതിന് ഇടയാക്കുന്നതുമാണ്. കൂടാതെ സീസണിങ്ങിന് വേണ്ടി വരുന്ന സമയത്തിനുള്ളിൽ ടാറിങ്ങ് നടത്താത്തതു മൂലം വീണ്ടും ടാറിങ്ങ് നടത്തേണ്ടുന്ന സാഹചര്യത്തിൽ സബ് ബേസ് മെറ്റലിങ്ങ് വീണ്ടും ചെയ്യേണ്ടതായും വരുന്നു. മെറ്റലിങ്ങ് മാത്രം നടത്തി അവസാനിപ്പിക്കുന്നതുമൂലം അധികച്ചെലവിന് സാഹചര്യം ഉണ്ടാവുന്നുണ്ട്. മെറ്റലിങ്ങ് മാത്രമായി പ്രോജക്റ്റ് നടപ്പാക്കിയതിന് വിശദീകരണം ആരാഞ്ഞുകൊണ്ടും പ്രസ്തുത പ്രോജക്റ്റ് 2016-17 വർഷത്തെ പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ടോ എന്നത് സംബന്ധിച്ചും വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി 2016-17 വർഷത്തെ

പദ്ധതിയിൽ ടി റോഡ് ടാറിങ്ങ് ഉൾപ്പെടുത്തിയിട്ടില്ലായെന്ന് അറിയിച്ചു. ടി റോഡിന്റെ ടാറിങ്ങ്പ്രവൃത്തി തുടർവർഷങ്ങളിൽ ഏറ്റെടുത്ത് നടപ്പാക്കുവാനും തൻമൂലം അധികച്ചെലവ് ഒഴിവാക്കാനും ശ്രദ്ധിക്കേണ്ടതാണ്.

## 3-10 150/16 മന്ദിരം കവല-അഞ്ചാനിമറ്റം നടപ്പാത-എസ്റ്റിമേറ്റ് പുതുക്കിയിട്ടില്ല.

| | |
|---|---|
| അടങ്കൽ | 1,50,000(തനത് ഫണ്ട്) |
| ചെലവ് | 1,49,461(തനത് ഫണ്ട്)<br>DD no 236193/3-11-15 |
| കൺവീനർ | അരുൺകുമാർ.ആർ |
| എംബുക്ക് നം | 57/14-15 |
| കരാർ നം | 57/AE/14-15dtd 04-11-14 |

പ്രസ്തുത പ്രോജക്റ്റിന് സാങ്കേതികാനുമതി ലഭിച്ചത് 110m നീളത്തിലും 1.3m മുതൽ1.8mവരെ വീതിയിലും റോഡ് കോൺക്രീറ്റ് ചെയ്യുന്നതിനാണ്. 10 അടി വീതിയിൽ വഴി വിട്ട് കിട്ടിയത് മൂലം 3m വീതിയാക്കി എസ്റ്റിമേറ്റ് റിവൈസ് ചെയ്യുവാൻ 12-8-15 ലെ 7(21) നം കമ്മറ്റി തീരുമാനപ്രകാരം അസി.എഞ്ചിനീയറെ ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്തതിട്ടില്ലായെന്ന് കാണുന്നു. എം ബുക്ക് പ്രകാരം 56m നീളത്തിലും 3m വീതിയിലുമാണ് കോൺക്രീറ്റിങ്ങ് നടപ്പാക്കിയത്. ഇത്തരത്തിൽ അളവുകൾ വ്യത്യാസപ്പെടുത്തി പ്രവൃത്തി ചെയ്തതിന് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി വാങ്ങാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് അസിസ്റ്റന്റ് എഞ്ചിനീയർക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി അളവുകളിൽ വ്യത്യാസപ്പെടുത്തിയിട്ടുണ്ടെങ്കിലും ആകെ അടങ്കലിൽ വ്യത്യാസം വരുത്താത്തത് മൂലം എസ്റ്റിമേറ്റ് റിവൈസ് തയ്യാറാക്കിയിരുന്നില്ലായെന്ന് അറിയിച്ചിട്ടുണ്ട്. ഇത് ശരിയല്ല. സാങ്കേതികാനുമതി ലഭിച്ച അളവുകളിൽ വ്യത്യാസം വരുത്തി പ്രവൃത്തി നടത്തുമ്പോൾ എസ്റ്റിമേറ്റ് പുതുക്കി സാങ്കേതികാനുമതി ലഭ്യമാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-11 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിലെ ആസ്തിരജിസ്റ്റർ വാർഷിക പദ്ധതിക്കനുസരിച്ച് ആവശ്യമായ കൂട്ടിച്ചേർക്കലുകൾ വരുത്തി കാലികമാക്കിയിട്ടില്ല. 2015-16 ലും മുൻവർഷങ്ങളിലും നിരവധി റോഡുകളും കെട്ടിടങ്ങളും നിർമ്മിച്ചിരുന്നുവെങ്കിലും ആയത് ആസ്തിരജിസ്റ്ററിൽ പൂർണ്ണമായും ഉൾപ്പെടുത്തുവാൻ സാധിച്ചിട്ടില്ല. 18-7-13 ലെ ജി.ഒ.(എംഎസ്) 255/2013 നമ്പരായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ആസ്തിരജിസ്റ്റർ ഡിജിറ്റലൈസ് ചെയ്യുന്നതിനുള്ള മാർഗ്ഗരേഖ

പുറപ്പെടുവിച്ചിരുന്നുവെങ്കിലും ആയതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. ഡിജിറ്റലൈസ് ചെയ്യുവാൻ ഉത്തരവാദിത്വം നൽകിയ അസിസ്റ്റന്റ് എഞ്ചിനീയർ കമ്പ്യൂട്ടർ ഉൾപ്പടെയുള്ള ഭൗതികസാഹചര്യങ്ങളുടെ അഭാവം മൂലം ഡിജിറ്റലൈസേഷൻ പൂർണ്ണമായും നടത്തുവാൻ സാധിച്ചിട്ടില്ലായെന്ന് അറിയിച്ചിരുന്നു. കമ്പ്യൂട്ടറും അനുബന്ധസാഹചര്യങ്ങളും നൽകി ആസ്തിരജിസ്റ്റർ കാലികമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ആസ്തിരജിസ്റ്ററിന്റെ കസ്റ്റോഡിയൻ കൂടിയായ സെക്രട്ടറി ശ്രദ്ധ പുലർത്തേണ്ടതാണ്.

## 3-12 വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല-തുക തടസ്സപ്പെടുത്തുന്നു

2015-16വർഷം വിവിധ പ്രോജക്ടുകളിൽപ്പെടുത്തി കെ.എസ്.ഇ.ബിക്കും മറ്റ് ഏജൻസികൾക്കും നിക്ഷേപപ്രവർത്തികൾക്ക് നൽകിയ തുകകളുടെ വിനിയോഗം സംബന്ധിച്ച വിവരങ്ങൾ ലഭ്യമായിരുന്നില്ല. ആയത് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടതിന് മറുപടിയായി വിനിയോഗം സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുന്നതിന് പ്രസ്തുത സ്ഥാപനങ്ങൾക്ക് കത്ത് നൽകിയിട്ടുള്ളതായി അറിയിച്ചിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോ നം/ പേര് | ചെലവഴിച്ച തുക | നൽകിയ ഏജൻസി | ഡിഡി നം/ വൗച്ചർ നം |
|---|---|---|---|
| 171/16 ഇലക്ട്രിക് ലൈൻ എക്സ്റ്റെൻഷൻ | 1,66,550 | KSEB electrical division, Kottayam East | 446093-446096 /2-06-15 |
| 24/16 വിവിധ വാർഡുകളിൽ ഇലക്ട്രിക് ലൈൻ എക്സ്റ്റെൻഷൻ | 71400<br>40964<br>107927 | KSEB electrical division, Kottayam East | ch.No 55448, 55450, 55454, 55451/<br>31-8-15 |
| 182/16 തെരുവുനായ്ക്കളുടെ നിയന്ത്രണം | 2,00,000 | സെക്രട്ടറി<br>കോട്ടയം ജില്ലാപഞ്ചായത്ത് | 55759/17-9-15 |
| ആകെ | 586841 | | |

പ്രസ്തുത വർക്കുകൾ പൂത്തിയാക്കിയിട്ടുണ്ടെങ്കിൽ വിനിയോഗസാക്ഷ്യപത്രം, ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പിന്റെ മോണിറ്ററിങ്ങ് റിപ്പോർട്ട് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. അതുവരെയ്ക്കും ചെലവുതുക തടസ്സപ്പെടുത്തുന്നു.

## 3-13 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി 64 പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഇത് വഴി 2059 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ശരാശരി തൊഴിൽ ദിനങ്ങളുടെ എണ്ണം 64 ആണ്. 54 കുടുംബങ്ങൾക്ക് 100 തൊഴിൽ ദിനങ്ങൾ ലഭിച്ചു.

## 3-14 ആശ്രയ-

പഞ്ചായത്തിലെ ആശ്രയ പദ്ധതിയുടെ രണ്ടാം ഘട്ടം17/02/2014 ൽ ആരംഭിച്ചു. രണ്ടാം ഘട്ട

പദ്ധതിക്കായി ചലഞ്ച് ഫണ്ടിനത്തിൽ 521968 രൂപയും പ്ലാൻ ഫണ്ടിനത്തിൽ 875000 രൂപയും ലഭിച്ചിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ 37 ഗുണഭോക്താളാണ് ഉൾപ്പെടുന്നത്. ഇതിൽ വീട് വക്കുന്നതിന് സ്ഥലം ആവശ്യമുള്ള 5 പേരും വീട് ആവശ്യമുള്ള 5 പേരും ഉൾപ്പെടുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | 21500363/ 28.07.15 | 18000 | 15939 | 2061 രൂപ തിരിച്ചടച്ചു |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ വലിക്കൽ | 21500517/ 04.09.15 | 482453 | 370089 | 112364 |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ വലിക്കൽ,പോസ്റ്റ് ഷിഫ്റ്റിംഗ് | 21500624/ 01.10.15 | 17547 | 17547 | -------- |
| കെ.എസ്.ഇ.ബി | പോസ്റ്റ് മെയിൻ ഷിഫ്റ്റിംഗ്,സ്ട്രീറ്റ് മെയിൻ എക്സ്റ്റെൻഷൻ | 21500364/ 28.07.15 | 166550 | ------ | 166550 |
| കെ.എസ്.ഇ.ബി | ലൈൻ എക്സ്റ്റെൻഷൻ,പോസ്റ്റ് ഷിഫ്റ്റിംഗ് | 21501025/ 23.01.16 | 107927 | --------- | 107927 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 6500000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 6500000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 6500000 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 0 |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 6,56,50,019 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 5,69,57,869 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 4932 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 8,83,115 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-3-5 | 4,932 | | ശ്രീ.പി.കെ.ജോസുകുഞ്ഞ് സെക്രട്ടറി വിജയപുരം ഗ്രാമപഞ്ചായത്ത് |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-8 | 2,96,274 | ശ്രീ. നിബു കുര്യൻ, അസിസ്റ്റന്റ് എൻജിനീയർ, എൽ.എസ്സ്.ജി.ഡി,വിജയപുരം ഗ്രാമപഞ്ചായത്ത് |
| 3-12 | 5,86,841 | ശ്രീ. പി.കെ.ജോസ് കുഞ്ഞ് സെക്രട്ടറി,വിജയപുരം ഗ്രാമപഞ്ചായത്ത് |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. പി..കെ. ജോസ് കുഞ്ഞ്, സെക്രട്ടറി | ലഭ്യമല്ല | പുളിമൂട്ടിൽ, മാങ്ങാനം പി.ഒ., 686018 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നു പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1990-1991, 1991-1992 | എൽ.എഫ്.കെ.പി.3/809/95/ 5.1.96 |
| 1992-93,1993-94, 1994-95,1995-96 | എൽ.എഫ്.കെ.പി.11/730/14/അദാ. /28.11.2014 |
| 1996-97 വരവ് | എൽ.എഫ്.കെ.പി.11/197/11/10.10.11 |
| 1998-1999 ചെലവ് | എൽ.എഫ്.കെ.പി.11/730/14/അദാ. /28.11.2014 |
| 1998-1999വരവ് | എൽ.എഫ്.കെ.പി.11/699/14/അദാ/28.3.15 |
| 1999-2000ചെലവ് | എൽ.എഫ്.കെ.പി.11/730/14/അദാ./7.1.2015 |
| 1999-2000വരവ് | എൽ.എഫ്.കെ.പി.11/730/14/അദാ. /28.11.2014 |
| 2000-2001, 2001- 2002(പ്ലാൻ) | എൽ.എഫ്.കെ.പി.11/730/14/അദാ./7.1.2015 |
| 2003-2004 | എൽ.എഫ്.കെ.പി.11/578/15/1.8.15 |
| 2004-2005 | എൽ.എഫ്.കെ.പി.11/579/15/28.7.15 |
| 2005-2006 | എൽ.എഫ്.കെ.പി.11/580/15/7.8.15 |
| 2006-2007 | എൽ.എഫ്.കെ.പി.11/581/15/2.9.15 |

| | |
|---|---|
| 2007-2008 | എൽ.എഫ്.കെ.പി.1/960/അദാ. ഇ(1)2011(2)/22.8.2011 |
| 2008-2009 | എൽ.എഫ്.കെ.പി.1/272/12/ 10.1.2013 |
| 2009-2010 | എൽ.എഫ്.കെ.പി.11/273/12/ 10.1.2013 |
| 2010-2011 | എൽ.എഫ്.കെ.പി.11/274/12/ 10.1.2013 |
| 2011-2012 | എൽ.എഫ്.കെ.പി.11/957/13/ 10.2.2014 |
| 2012-2013 | കെ.എസ്.എ.കെ.ടി.എം പി11/1084/15/11.9.15 |
| 13-14 | കെ.എസ്.എ.കെ.ടി.എം പി11/1570/15/16.3.16 |
| 14-15 | കെ.എസ്.എ.കെ.ടി.എം പി11/1127/16/4.8.16 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം

## അനുബന്ധം 1

### ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ.കെ.ടി.എം പി11/1962 /16 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

ഫോൺ : 0482564886

ഇ മെയിൽ : doktm.ksad@kerala.gov.in

തീയതി: 29.12.16

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് എന്നിവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ വിജയപുരം ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷികധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വിജയപുരം ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷികധനകാര്യപത്രിക, വരവുചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

## അനുബന്ധം 5

## വിവിധ പരസ്യ വെബ്സൈറ്റുകൾ ( ക്ലാസിഫൈഡ് പരസ്യ സൈറ്റുകൾ) പ്രകാരം കളത്തിപടി, മാങ്ങാനം,വിജയപുരം ഭാഗത്ത് സ്ഥിതി ചെയ്യുന്ന ബിസിനസ്സ്/വാണിജ്യ സ്ഥാപനങ്ങളും വിവിധ സേവനദാതാക്കളും

1ഫസ്റ്റ് ക്രൈ

2ക്യൂ.ആർ.എസ്സ്

3പ്രസ്റ്റീജ് സ്മാർട്ട് കിച്ചൻ

4ലൂയിസ് ഫിലിപ്പ്- ഫാക്ടറി ഔട്ട് ലെറ്റ്

5ഡ്യൂറോഫ്ലക്സ് ഫാക്ടറി ഔട്ട് ലെറ്റ്

6ഐഡിയ സെല്ലുലാർ ലിമിറ്റഡ് ,കളത്തിപ്പടി

7എസ്സ്.ജി മോട്ടോഴ്സ്,യമഹ ഷോറൂം

8സോണാസ് ഡേകെയർ

9ഹിമാഹർഷം പ്രീ സ്കൂൾ

10യൂണിവേർ ടെക്നോളജീസ്

11ചിക്ക്-കിംഗ് കളത്തിപ്പടി

12ഗിരിദീപം ഷെംറോക്ക് കിൻഡർ സിറ്റി

13ഡി.റ്റി.ഡി.സി കൊറിയർ സർവ്വീസ്

14കെ.വി മാത്യൂ & കമ്പനി ഇലക്ട്രിക്കൽസ്

15നോയൽ വേസ്റ്റ് മാനേജ് മെന്റ്

16ജയഹിന്ദ് ഹാർഡ്വേർസ്

17കൊച്ചിൻ ലൈറ്റ് ഹൗസ്

18കൊളംബിയ ഫർണിഷിംഗ്

19ടൂത്ത് സ്ക്വയർ

20ഷാരോൺ ക്വാളിറ്റി ഹോംസ്റ്റേ

21അഡോണ ഇന്റീരിയേഴ്സ്

22ഏബൽ ഹെൽത്ത് കെയർ

23ഐക്കൺ ഹെയർ സ്റ്റയിൽ & ജന്റ്സ് ബ്യൂട്ടി പാർലർ

24മേരികോൺ

25കെ.ബി ഫിഷറീസ്

26ആർട്ടിക് കൂളിംഗ് സൊലൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ്

27അമേയ് ബ്യൂട്ടി പാർലർ

28മാതാ ഏജൻസി

29ഡെൽറ്റാ ഇലക്ട്രിക്ക് സർവ്വീസ്

30എലഗൻസ് ബൊട്ടീക്ക്

31മ മ്മി ഡാഡി

32നെഗൈസാ ഇലക്ട്രിക്കൽസ്

33ചിലമ്പത്ത് സൂപ്പർമാർക്കറ്റ്

34ജോസ് ബ്രദേഴ്സ് ഡ്രൈക്ലീനേഴ്സ്

35മിറക്കിൾ ഫാഷൻസ്

36കെ.എൻ ഡ്രെസ്സേഴ്സ്

37ദി ആഡംസ് ബേക്കറി

38സ്റ്റൈലോ ഹെയർ സ്റ്റൈയിൽ

39കൊച്ചുപറമ്പിൽ ട്രേഡേഴ്സ്

40നടുവത്തറ ഗ്രാഫിക്സ്

41എയിം എഡ്യൂക്കേഷൻ സെന്റർ

42സൂര്യ ഹോട്ടൽ

43പ്രണതി സ്കൂൾ ഓഫ് മ്യൂസിക്ക്

44ശ്യാം ട്രേഡേഴ്സ്

45ചിത്രവർണ്ണ ഡിജിറ്റൽ സർവ്വീസ്

46ഷീസ് ബ്യൂട്ടി കെയർ

47പൈപ്പ് സെന്റർ

48മ്യൂസിക്ക് വേവ്സ്

49ചിലം ചാനൽ കേബിൾ ടിവി

50പല്ലവി ടെയിലേഴ്സ്

51ട്രാൻസ് വേൾഡ്

52ശിക്കുസ് ഡ്രെസ്സ് മേക്കേഴ്സ്

53ഡയറി ക്യൂൻ ഐസ് ക്രീം പാർലർ

54കൊച്ചൂസ് ബ്യൂട്ടി പാർലർ

55റൊസാൻ ബൊട്ടീക്ക്

56പ്രിണവരാ ബൊട്ടീക്ക്

57പുഴക്കടവിൽ ട്രാവൽസ്

58മൊബൈൽ പാലസ്

59ഫ്രീ ബേഡ്സ് പ്ലേ സ്കൂൾ

60ലുലു കോൾഡ് സ്റ്റോറേജ്

61ക്ലാസ്സിക്ക് ഡെക്കറേഷൻ

62ആൻമേരി ടെയിലേഴ്സ്

63കളത്തിൽ ക്ലാസ്സിക്ക് ഹോംസ്റ്റേ

64വർഷ ഇലക്ട്രോണിക്സ്

65ബ്ലൂ സ്റ്റാർ A/c

66ASJ മാർക്കറ്റിംഗ് സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ്

67വൈബ്രന്റ് പവ്വർ സിസ്റ്റംസ്

68പ്രോട്ടോൺ ലൈറ്റ്നിംഗ് പ്രൊട്ടക്റ്റർ

69കീർത്തി എന്റർപ്രൈസസ്

70കൃഷ്ണ ഏജൻസിസ്

71റാഹ ഫർണ്ണിച്ചർ

72ജെ ജെ ബിൽഡേഴ്സ് &മെറ്റീരയൽസ്

73അക്യുഫിറ്റ് ഡെന്റൽ ലാബ്

74കാതറിൻ ഹെർബൽ ബ്യൂട്ടി പാർലർ

75അരാൻകൊ ഓട്ടോസെയിൽസ്

76ഹോട്ടൽ വലിയ വീടൻസ്

77കുട്ടവത്ത് ഫർണിച്ചർ

78എ & ബി സാനിട്ടേഷൻസ്

79നന്ദന എർത്ത് മൂവേഴ്സ്

80 ജെ.കെ ഡെക്കറേഷൻസ്

81ജി വി ഡെന്റൽ ക്ലിനിക്ക്

82 ക്യുബിറ്റ് ഇലക്ട്രോണിക്സ്

83 എം.എൽ.എൽ.എം കൺസപ്റ്റ്സ്

84 കണ്ണൻ റസ്റ്റോറന്റ്

85 കൊളംബിയ ഫർണ്ണിഷിംഗ്

86 ബെസ്റ്റ് ബേക്കറി

87സിക്കുസ് ഡ്രെസ്സ്മേക്കേഴ്സ്

89 ലേഡീസ് ചോയിസ് ടെയിലറിംഗ് ഷോപ്പ്

90പൂവത്തിൽ സ്റ്റോഴ്സ്

91 അമറോൺ ബാറ്ററി ഹൗസ്

92 എബനേസർ കേറ്റേഴ്സ്

93 എസ്സ്.വി കേറ്ററിംഗ്

95 ചാക്കോളാസ് ഡെക്കോറേറ്റ് ഇന്റീരിയർ ഡിസൈനേഴ്സ്

96 പുരക്കൽ ഫാഷൻസ്

97 ഫ്രഷ് ആൻഡ് ഫിറ്റ് -ഫിറ്റ്നെസ്സ് സെന്റർ

98 സണ്ണി ട്രാവൽസ്

99 കൂൾ കെയർ എ.സി സർവ്വീസ്

100 രാജ് കളക്ഷൻസ്

101 ഗ്യാലക്സി മൊബൈൽസ്

102 വലയിൽ ഹോസ്റ്റൽ

103 ഡീൽ ഫ്രഷ് സ്റ്റേഷനറി

104 ഡീസൽ ഇൻഡ്യ ഡീസൽ ക്ലിനിക്ക്

105 കേൻ പ്രോഡക്റ്റ്സ്

106 എസ്.ആർ എയർ കണ്ടീഷൻസ്

107 ഡീലക്സ് അപ്ഹോൾസ്റ്ററി

108 സ്വാതി ഡിജിറ്റൽ ഫോട്ടോസ് ആൻഡ് സ്റ്റുഡിയോസ്

109 ടിന്റുമോൻ ഹോട്ടൽ

110 കൊച്ചിൻ കമ്പ്യൂട്ടർ ലാബ്

111 പെന്റാ ബൈക്ക്സ് -ടു വീലർസ്

112 എയറോഫിറ്റ് - ഫിറ്റ്നെസ്സ് ഷോപ്പി

113 palestra ലേഡീസ് ഫിറ്റ്നെസ്സ് സെന്റർ

114സ്മാർട്ട് സെക്യൂരിരിറ്റി സർവ്വീസ്

115 VLCC ഹെൽത്ത് കെയർ

116 പേ-ലെസ്സ് ബസാർ

117 ഗോഡ്സ് ഓൺ ടൂർസ് ആൻഡ് ട്രാവൽസ്

118 റബ്ബർ വുഡ് ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ്

119 ബി ആൻഡ് സി ടെക്നോളജീസ്

120 മാർക്കോസ് വർക്കി ആൻഡ് അസോസിയേറ്റ്സ്

121 കളരിക്കൽ ഏജൻസീസ് പ്രൈവറ്റ് ലിമിറ്റഡ്

122 ഐശ്വര്യ ടൂർസ് ആൻഡ് ട്രാവൽസ്

123 Annabs വുമൺസ് വേൾഡ്

123 ഒലീവിയ ബ്യൂട്ടി പാർലർ

124 റബ്ബർ കെയർ കൺസൾട്ടൻസി സർവ്വീസ്

125സെന്റ് മേരീസ് ഹയറിംഗ് സർവ്വീസ്

126 അഭിനയ ഇന്റീരിയർ ഡിസൈനേഴ്സ്

127 കൈരളി മെഡിക്കൽസ്

128 തടത്തിൽ ടെക്സ്റ്റൈൽസ്

129ഷീല മേക്ക്ഓവർ

130മാർക്ക് ആൻഡ് ഫിലിപ്പ്

131അന്തേരിൽ കമ്പ്യൂട്ടേഴ്സ്

132 ഹൈ-കെയർ ഡെന്റൽ ക്ലിനിക്ക്

133*A & B മോട്ടോർ ഡ്രൈവിംഗ് സ്കൂൾ

*പട്ടിക അപൂർണ്ണമാണ്.